സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
**മഹിളാവീഥി** മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമ്മത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ** മാഗസിൻ

2023 സെപ്റ്റംബർ 25 തിങ്കൾ | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ


## കരിപ്പൂരിൽ വൻ സ്വർണവേട്ട; 5460 ഗ്രാം സ്വർണം പിടികൂടി

കോഴിക്കോട്: കരിപ്പൂരിൽ വൻ സ്വർണവേട്ട. 5460 ഗ്രാം സ്വർണം പിടികൂടി. അഞ്ചുപേരെ കസ്റ്റംസ് അറസ്റ്റ് ചെയ്തു. മൂന്നുകോടിയോളം രൂപ വിലവരുന്ന സ്വർണമാണ് പിടികൂടിയത്. കൊടുവള്ളി സ്വദേശികളായ മുഹമ്മദ് ബഷീർ, മുഹമ്മദ് മിഥിലാജ്, ചേലാർക്കാട് സ്വദേശി അസീസ്, മലപ്പുറം സ്വദേശികളായ സമീർ, അബ്ദുൾ സക്കീർ എന്നിവരാണ് പിടിയിലായത്.
ഗൾഫിലെ വിവിധ രാജ്യങ്ങളിൽ നിന്നാണ് പ്രതികൾ കരിപ്പൂരിലെത്തിയത്. റിയാദിൽ നിന്നെത്തിയ മുഹമ്മദ് ബഷീർ സ്വർണം ക്യാപ്സൂളുകളായി ശരീരത്തിനുള്ളിൽ സൂക്ഷിച്ചാണ് സ്വർണം കടത്താൻ ശ്രമിച്ചത്.

## സോളാർ പീഡന ഗൂഢാലോചനക്കേസ്: ഗണേഷ് കുമാർ നേരിട്ട് ഹാജരാകണമെന്ന് കോടതി



കൊല്ലം: സോളാർ പീഡനക്കേസിലെ ഗൂഢാലോചനക്കേസിൽ കെബി ഗണേഷ് കുമാർ എംഎൽഎ നേരിട്ട് ഹാജരാകണമെന്ന് കോടതി.

കൊട്ടാരക്കര ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടേതാണ് ഉത്തരവ്. അടുത്ത മാസം 18 ന് ഹാജരാകാനാണ് നിർദേശം.
പരാതിക്കാരിക്ക് വീണ്ടും സമൻസ് അയക്കാൻ കോടതി നിർദേശിച്ചു. കോൺഗ്രസ് നേതാവ് അഡ്വ. സുധീർ ജേക്കബ് ആണ് കേസിൽ ഹർജിയുമായി കോടതിയെ സമീപിച്ചത്. ഗൂഢാലോചനക്കേസിൽ പൊലീസിൽ പരാതി നൽകിയിരുന്നെങ്കിലും, കേസെടുക്കാതിരുന്നതോടെയാണ് കോടതിയിൽ ഹർജി നൽകിയത്.
കേസിൽ പരാതിക്കാരിയുടെ അഭിഭാഷകൻ അഡ്വ. ഫെനി ബാലകൃഷ്ണൻ, കൊട്ടാരക്കര ജയിൽ സൂപ്രണ്ട്, മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി അടക്കമുള്ളവരുടെ മൊഴി കോടതി രേഖപ്പെടുത്തിയിരുന്നു. നേരത്തെ മന്ത്രിസഭയിൽ നിന്നും രാജിവെച്ച ഗണേഷ് കുമാർ മന്ത്രിസഭയിൽ തിരിച്ചെത്താൻ താൽപ്പര്യം പ്രകടിപ്പിച്ചിരുന്നു. എന്നാൽ പല കാരണങ്ങളാൽ അതി നടക്കാതെ പോയി. ഇതിലുള്ള വിരോധവും അകൽച്ചയും ഗണേഷിന് താനുമായി ഉണ്ടായിരുന്നതായി ഉമ്മൻചാണ്ടി മൊഴി നൽകിയിരുന്നു. ഈ മൊഴിയടക്കം പരിശോധിച്ചശേഷമാണ് ഗൂഢാലോചനക്കേസിൽ ഗണേഷ് കുമാറിനെ രണ്ടാം പ്രതിയും, പരാതിക്കാരിയെ ഒന്നാം പ്രതിയുമാക്കി കൊട്ടാരക്കര കോടതി തുടർനടപടികളിലേക്ക് കടന്നത്.

## സോളാർ പീഡനക്കേസ്: ഹൈബി ഈഡൻ കുറ്റവിമുക്തൻ

### പരാതിക്കാരിയുടെ ഹർജി കോടതി തള്ളി



കൊല്ലം: സോളാർ പീഡന പരാതിയിൽ ഹൈബി ഈഡൻ എംപിയെ കുറ്റവിമുക്തനാക്കി. കേസിൽ ഹൈബിക്കെതിരെ തെളിവില്ലെന്ന സിബിഐ റിപ്പോർട്ട് തിരുവനന്തപുരം സിജെഎം കോടതി അംഗീകരിച്ചു. സിബിഐ റിപ്പോർട്ട് അംഗീകരിക്കരുതെന്ന പരാതിക്കാരിയുടെ ഹർജി കോടതി തള്ളി.
കേസിൽ കൂടുതൽ അന്വേഷണം നടത്തണമെന്ന് പരാതിക്കാരി ആവശ്യപ്പെട്ടിരുന്നു. എംഎൽ ഹോസ്റ്റലിൽ വിളിച്ചു വരുത്തി ഹൈബി പീഡിപ്പിച്ചു എന്നായിരുന്നു പരാതി.
പീഡന പരാതിയിന്മേൽ ആറു കേസുകളായാണ് സിബിഐ അന്വേഷിച്ചിരുന്നത്. ഇതിൽ ആദ്യത്തേതായിരുന്നു ഹൈബിക്കെതിരായ കേസ്. പരാതിക്കാരി തെളിവുകളൊന്നും ഹാജരാക്കിയിട്ടില്ല. ഹൈബിക്കെതിരായ പരാതിയിൽ ശാസ്ത്രീയ തെളിവു കണ്ടെത്താനായില്ലെന്നുമാണ് സിബിഐ റിപ്പോർട്ടിൽ വ്യക്തമാക്കിയത്.

## ജപ്തി നോട്ടീസിൽ ആത്മഹത്യാ ശ്രമം; മൂന്നംഗ കുടുംബം അവശനിലയിൽ

തൃശൂർ: കൊരട്ടി കാതിക്കുടത്ത് മൂന്നംഗ കുടുംബത്തെ ഉറക്കഗുളിക കഴിച്ച് അവശനിലയിൽ കണ്ടെത്തി.

കാതിക്കുടം സ്വദേശി തങ്കമണി (69) , മരുമകൾ ഭാഗ്യലക്ഷ്മി (48), അതുൽ കൃഷ്ണ (10) എന്നിവരെയാണ് ഗുരുതരാവസ്ഥയിൽ കണ്ടെത്തിയത്. പായസത്തിൽ ഉറക്കഗുളിക കലർത്തി കഴിച്ചതാണെന്നാണ് പുറത്തുവരുന്ന സൂചന.
ഈ കുടുംബം സഹകരണ ബാങ്കിൽ നിന്ന് 22 ലക്ഷം രൂപ വായ്പയെടുത്തിരുന്നു. ഇതിന്റെ തിരിച്ചടവ് മുടങ്ങിയപ്പോൾ ജപ്തിയായി മാറുകയായിരുന്നു. ഇതിനായി വീട്ടിൽ നോട്ടിസ് പതിച്ചിരുന്നു. ഇതിൽ മനംനൊന്താണ് കുടുംബത്തിന്റെ പ്രവൃത്തിയെന്നാണ് കരുതുന്നത്. 10 വയസ്സുകാരനായ അതുൽ കൃഷ്ണ ഹൃദ്രോഗിയായിരുന്നു. ഈ കുട്ടിക്ക് വേണ്ടി നാട്ടുകാർ ശ്രമങ്ങൾ തുടരുന്നതിനിടെയാണ് സംഭവമുണ്ടായത്. നിലവിൽ ചാലക്കുടിയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ് കുടുംബം. ഭാഗ്യലക്ഷ്മിയുടെ ഭർത്താവ് പുറത്ത് പോയപ്പോഴാണ് സംഭവം. പായസത്തിൽ ഉറക്കഗുളിക കലർത്തി കഴിക്കുകയായിരുന്നു. ആശുപത്രിയിലേക്ക് മാറ്റിയതിൽ തങ്കമണിയുടെ ആരോഗ്യനില അതീവ ഗുരുതരമായി തുടരുകയാണ്. അതേസമയം, സംഭവത്തിൽ കൊരട്ടി പൊലീസ് അന്വേഷണം തുടങ്ങി.

## കണ്ണൂർ കോടതി സമുച്ചയ നിർമ്മാണം

## ഊരാളുങ്കലിന് നൽകിയ ഹൈക്കോടതി വിധിക്കുള്ള സ്റ്റേ തുടരും




ന്യൂഡൽഹി: ന്യൂഡൽഹി: കണ്ണൂർ കോടതി സമുച്ചയനിർമ്മാണ കരാർ ഊരാളുങ്കൽ ലേബർ സൊസൈറ്റിക്കു നൽകാനുള്ള ഹൈക്കോടതി വിധിക്കുള്ള സ്റ്റേ തുടരുമെന്ന് സുപ്രീം കോടതി.

ജസ്റ്റിസുമാരായ ജെ.കെ. മഹേശ്വരി, കെ.വി. വിശ്വനാഥൻ എന്നിവരടങ്ങിയ ബെഞ്ചാണ് സ്റ്റേ തുടരുമെന്ന് വ്യക്തമാക്കിയത്. നിർമ്മാണ കരാർ ഊരാളുങ്കലിന് നൽകിയതിനെതിരായ ഹർജിയിൽ നവംബർ ഏഴിന് വിശദമായ വാദം കേൾക്കും.
കണ്ണൂർ കോടതി സമുച്ചയത്തിന്റെ നിർമ്മാണത്തിന് ഏറ്റവും കുറഞ്ഞ തുകയുടെ ക്വട്ടേഷൻ നൽകിയത് എ.എം. മുഹമ്മദ് അലിയുടെ നിർമ്മാൺ കൺസ്ട്രക്ഷൻസ് ആയിരുന്നു. എന്നാൽ, നിർമ്മാൺ കൺസ്ട്രക്ഷൻസ് നൽകിയ ക്വട്ടേഷനെക്കാളും 7.10 ശതമാനം അധികം തുക ക്വോട്ട് ചെയ്ത ഊരാളുങ്കൽ ലേബർ സൊസൈറ്റിക്ക് കരാർ നൽകാനായിരുന്നു കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ഉത്തരവിട്ടത്.

ഇതിനെതിരെ നൽകിയ ഹർജിയിലാണ് സുപ്രീംകോടതി സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിരുന്നത്. ഈ സ്റ്റേ ആണ് തുടരുമെന്ന് കോടതി വ്യക്തമാക്കിയത്.കേരള ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ചിലും ഡിവിഷൻ ബെഞ്ചിലും ഊരാളുങ്കൽ ലേബർ സൊസൈറ്റിക്ക് നിർമ്മാണ കരാർ നൽകുന്നതിനെതിരായ നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചതെന്ന് നിർമ്മാൺ കൺസ്ട്രക്ഷൻസിന് വേണ്ടി ഹാജരായ സീനിയർ അഭിഭാഷകൻ ദുഷ്യന്ത് ദാവെയും ഹാരിസ് ബീരാനും ചൂണ്ടിക്കാട്ടി. എന്നാൽ, സുപ്രീം കോടതിയിൽ ഊരാളുങ്കൽ ലേബർ സൊസൈറ്റിക്കു അനുകൂലമായ നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. സംസ്ഥാന സർക്കാരിന് അടിക്കടി നിലപാട് മാറ്റാൻ കഴിയില്ലെന്നും ഹർജിക്കാരുടെ അഭിഭാഷകർ വാദിച്ചു. തുടർന്ന്, ഹർജിയിൽ വിശദമായ വാദം നവംബർ ഏഴിന് കേൾക്കാൻ സുപ്രീം കോടതി തീരുമാനിച്ചു.
ഊരാളുങ്കൽ ലേബർ സൊസൈറ്റിക്ക് വേണ്ടി സീനിയർ അഭിഭാഷകൻ നീരജ് കിഷൻ കൗൾ, അഭിഭാഷകരായ എം.എഫ്. ഫിലിപ്പ്, ശ്യാം കുമാർ എസ് എന്നിവർ ഹാജരായി. സംസ്ഥാന സർക്കാരിന് വേണ്ടി സീനിയർ അഭിഭാഷകൻ വി. ഗിരി, സ്റ്റാൻഡിങ് കോൺസൽ സി.കെ. ശശി എന്നിവരാണ് ഹാജരായത്.
ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ- ഓപ്പറേറ്റീവ് സൊസൈറ്റിയുടെ 82 ശതമാനം ഓഹരികളും സംസ്ഥാന സർക്കാരിന്റെ പക്കൽ ആണെന്ന് വ്യക്തമാക്കി കേരളം കഴിഞ്ഞ ദിവസം സുപ്രീം കോടതിയിൽ സത്യവാങ്മൂലം ഫയൽ ചെയ്തിരുന്നു.

സാമ്പത്തിക പരിധിയില്ലാതെ ഏത് പ്രവർത്തനങ്ങളും ഏറ്റെടുക്കാൻ ഊരാളുങ്കൽ സൊസൈറ്റിക്ക് അനുമതി നൽകുന്ന ഉത്തരവ് ഇറക്കിയിട്ടുണ്ടെന്നും സത്യവാങ്മൂലത്തിൽ സർക്കാർ വ്യക്തമാക്കുന്നു.

## തസ്തിക അട്ടിമറി: കുസാറ്റിലേക്കുള്ള കെ.എസ്.യു മാർച്ചിൽ സംഘർഷം; പൊലീസ് സ്റ്റേഷനിലും പ്രതിഷേധം




കൊച്ചി: കുസാറ്റിൽ തസ്തിക അട്ടിമറിയിലൂടെ അസിസ്റ്റന്റ് പ്രഫസറായ പി.കെ ബേബിയെ പുറത്താക്കണമെന്ന് ആവശ്യപ്പെട്ട് കെ.എസ്.യു നടത്തിയ മാർച്ചിൽ സംഘർഷം. പ്രതിഷേധക്കാർക്ക് നേരെ പൊലീസ് ജലപീരങ്കി പ്രയോഗിക്കുകയും ലാത്തിച്ചാർജ് നടത്തുകയും ചെയ്തു. ലാത്തിച്ചാർജിൽ വനിതാ പ്രവർത്തകരടക്കം നിരവധി പേർക്ക് പരിക്കേറ്റു.
പ്രതിഷേധം നടത്തിയ നേതാക്കളെയും പ്രവർത്തകരെയും പൊലീസ് അറസ്റ്റ് ചെയ്തു നീക്കി. താനടക്കമുള്ള വനിതാ പ്രവർത്തകരെ പുരുഷ പൊലീസുകാർ മർദിച്ചെന്ന് മിവ ജോളിയടക്കമുള്ളവർ ആരോപിച്ചു. സ്റ്റേഷനകത്തും പ്രതിഷേധിച്ച മിവ ജോളി അടക്കമുള്ളവരെ ലോക്കപ്പിലടച്ചിരിക്കുകയാണ്.

പരിക്കേറ്റ പ്രവർത്തകരെ ആശുപത്രിയിൽ എത്തിക്കണമെന്നാവശ്യപ്പെട്ടാണ് കളമശേരി സ്റ്റേഷനിലെ പ്രതിഷേധം.
12 മണിയോടെയായിരുന്നു കുസാറ്റിലെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലേക്ക് കെ.എസ്.യു എറണാകുളം ജില്ലാ കമ്മിറ്റി പ്രതിഷേധ മാർച്ചുമായി എത്തിയത്. പ്രതിഷേധക്കാരെ പൊലീസ് ബാരിക്കേഡ് ഉപയോഗിച്ച് തടഞ്ഞു. പിന്മാറാൻ കൂട്ടാക്കാതിരുന്നതോടെ പൊലീസ് ജലപീരങ്കി പ്രയോഗിക്കുകയായിരുന്നു. പിന്നാലെ ലാത്തിച്ചാർജും നടത്തി.
ഉദ്ഘാടനത്തിന് പോലും സമ്മതിക്കാതെയുള്ള നടപടിയാണ് പൊലീസിന്റെ ഭാഗത്തുനിന്നും ഉണ്ടായതെന്ന് കെ.എസ്.യു പ്രവർത്തകർ പറയുന്നു.

ലാത്തിച്ചാർജിൽ നിരവധി പ്രവർത്തകർക്ക് കാര്യമായ പരിക്കേറ്റിട്ടുണ്ടെന്നും പ്രതിഷേധക്കാർ പറയുന്നു. എന്നാൽ പൊലീസിന് നേരെ കല്ലേറുണ്ടായതോടെയാണ് ലാത്തിച്ചാർജ് നടത്തിയതെന്നാണ് ഉദ്യോഗസ്ഥരുടെ വിശദീകരണം.

## മുസ്‌ലിംകൾക്കൊപ്പം നിന്നിട്ടും അവർ ഞങ്ങളെ സഹായിച്ചില്ല– കുമാരസ്വാമി

ബംഗളൂരു: എപ്പോഴും മുസ്‌ലിംകൾക്കൊപ്പം നിന്നിട്ടും അവർ തിരിച്ചു തങ്ങളെ സഹായിച്ചിട്ടില്ലെന്ന് ജെ.ഡി–എസ് തലവൻ എച്ച്.ഡി കുമാരസ്വാമി. അഴിമതി നിറഞ്ഞ കോൺഗ്രസ് ഭരണകൂടമാണ് ബി.ജെ.പിയുമായി സഖ്യംചേരാൻ തങ്ങളെ നിർബന്ധിച്ചത്. ലോക്സഭാ തെരഞ്ഞെടുപ്പിൽ 28 സീറ്റ് നേടുകയാണ് ഇപ്പോഴത്തെ ലക്ഷ്യം. ലോക്സഭാ തെരഞ്ഞെടുപ്പിനുശേഷം കർണാടക രാഷ്ട്രീയത്തിൽ എന്തു സംഭവിക്കുമെന്നു പറയാനാകില്ലെന്നും പറഞ്ഞു.
'ഡെക്കാൻ ഹെറാൾഡി'നു നൽകിയ അഭിമുഖത്തിലാണ് എച്ച്.ഡി കുമാരസ്വാമി നിലപാട് വ്യക്തമാക്കിയത്. "പാർട്ടി വിടുന്ന മുസ്‌ലിം നേതാക്കളോട് ചോദിക്കാനുള്ളത് അവർ പാർട്ടിക്കു വേണ്ടി എന്താണു ചെയ്തതെന്നാണ്. പാർട്ടി വിടാനുള്ള കാരണമായി ചുമ്മാ പുതിയ സഖ്യത്തെ ചൂണ്ടിക്കാട്ടുകയാണ്. എച്ച്.ഡി ദേവഗൗഡയാണ് ഈ നേതാക്കന്മാർ പ്രതിനിധീകരിക്കുന്ന സമുദായത്തിനു നാലു ശതമാനം സംവരണം നൽകിയത്. അവർക്ക് എന്തെങ്കിലും സംഭവിച്ചപ്പോഴെല്ലാം ഞാനാണു കൂടെ നിന്നിട്ടുള്ളത്. അപ്പോളെല്ലാം കോൺഗ്രസ് മൗനത്തിലായിരുന്നു. തിരിച്ച് എന്താണ് അവർ ഞങ്ങൾക്കു തന്നത് എനിക്കു നല്ല വളർച്ചയുണ്ടാകുന്നില്ലെങ്കിൽ അവരെ എങ്ങനെയാണു സംരക്ഷിക്കുക അവരുടെ സമുദായത്തിനു സംരക്ഷണം നൽകിയിട്ടും തിരിച്ച് ഒരു പിന്തുണയുമുണ്ടായിട്ടില്ല."–അദ്ദേഹം പറഞ്ഞു.
ജെ.ഡി–എസ് എം.എൽ.എമാർ കോൺഗ്രസിൽ ചേരാനിരിക്കുകയാണെന്നത് തങ്ങളുടെ അനിശ്ചിതാവസ്ഥ കാരണം അവർ ഉണ്ടാക്കിയ ഗോസിപ്പ് മാത്രമാണെന്നും കുമാരസ്വാമി പറഞ്ഞു. കഴിഞ്ഞ രണ്ടു മാസമായി ജെ.ഡി–എസിൽ നിന്നും ബി.ജെ.പിയിൽനിന്നുമെല്ലാം എം.എൽ.എമാരെ റാഞ്ചാൻ അവർ നീക്കങ്ങൾ നടത്തി പരാജയപ്പെട്ടതാണ്. ഒരു ബി.ജെ.പി നേതാവുമായും എനിക്ക് അഭിപ്രായ ഭിന്നതയില്ല. ഇതെല്ലാം (2006ലെ) ജെ.ഡി.എസ്-ബി.ജെ.പി സർക്കാർ കാലത്ത് തെളിയിച്ചിട്ടുള്ളതാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. സംസ്ഥാനത്തെ അഴിമതി നിറഞ്ഞ കരങ്ങളിൽനിന്നു മോചിപ്പിക്കുക മാത്രമായിരുന്നു ലക്ഷ്യം. അത്തരമൊരു സഖ്യത്തിലേക്കു പോകും മുൻപ് പലതരത്തിലുള്ള കണക്കുകൂട്ടലുകൾ നടന്നിരുന്നു. ഈ സഖ്യം എനിക്കോ എന്റെ കുടുംബത്തിനോ വേണ്ടിയുള്ളതല്ല, സംസ്ഥാനത്തിനു വേണ്ടിയാണ്. സംസ്ഥാനത്തെ നേതാക്കന്മാരെ വിശ്വാസത്തിലെടുക്കണമെന്ന് ബി.ജെ.പി ദേശീയ നേതൃത്വത്തെ ഞാൻ ഉപദേശിച്ചിട്ടുണ്ട്. 28 ലോക്സഭാ സീറ്റാണ് ഞങ്ങളുടെ ലക്ഷ്യം. അതിനായി ഒരു റൂട്ട് മാപ്പ് തയാറാക്കും. സംസ്ഥാനത്ത് സംയുക്ത പ്രതിപക്ഷമായി മുന്നോട്ടുപോകും."ലോക്സഭാ തെരഞ്ഞെടുപ്പിനുശേഷം കുമാരസ്വാമി മുഖ്യമന്ത്രിയാകുമോ എന്ന ചോദ്യത്തോടുള്ള പ്രതികരണം ഇങ്ങനെയായിരുന്നു: ഒന്നും എന്റെ കൈയിലല്ല. മഹാരാഷ്ട്രയിൽ സംഭവിച്ചത് ആരെങ്കിലും പ്രതീക്ഷിച്ചിരുന്നോ? പ്രതിപക്ഷ നേതാവ്, മുഖ്യമന്ത്രി, പ്രധാനമന്ത്രി അടക്കം എല്ലാ പദവികളും കണ്ടവരാണ് എന്റെ കുടുംബം. (പ്രതിപക്ഷ നേതൃസ്ഥാനം) എന്റെ ലക്ഷ്യമല്ല. കോൺഗ്രസിനെതിരെ ഒന്നിച്ചു പ്രവർത്തിക്കുകയാണ് ഞങ്ങൾ ലക്ഷ്യമിടുന്നത്. കോൺഗ്രസ് സർക്കാർ തകരാൻ ഒരു ഓപറേഷന്റെയും ആവശ്യമില്ല. കൂടുതൽ ഉപമുഖ്യമന്ത്രിമാരെ കൊണ്ടുവരാനുള്ള പുതിയ നീക്കങ്ങൾ സൂചിപ്പിക്കുന്നത് സർക്കാറിന്റെ നില അത്ര ഭദ്രമല്ലെന്നാണെന്നും കുമാരസ്വാമി കൂട്ടിച്ചേർത്തു.

## വിഴിഞ്ഞത്ത് കപ്പൽ എത്തുക പതിനഞ്ചിന്; പ്രതികൂല കാലാവസ്ഥയെന്ന് മന്ത്രി

തിരുവനന്തപുരം: വിഴിഞ്ഞം രാജ്യാന്തര തുറമുഖത്ത് ആദ്യ കപ്പൽ ഒക്ടോബർ 15–ന് വൈകിട്ട് നാലു മണിക്ക് എത്തുമെന്ന് മന്ത്രി അഹമ്മദ് ദേവർകോവിൽ.

നാലാം തീയതി എത്തുമെന്നായിരുന്നു നേരത്തെ പ്രഖ്യാപിച്ചതെങ്കിലും കടലിലുണ്ടായ പ്രത്യേക സാഹചര്യത്തിൽ കപ്പലിന്റെ വേഗതയിൽ കുറവു വന്നതനുസരിച്ചു ഗുജറാത്തിലെ മുന്ദ്രയിൽ നിന്നുള്ള മടക്കയാത്ര വൈകുമെന്നതിനാലാണ് മാറ്റം വന്നതെന്ന് മന്ത്രി പറഞ്ഞു.
ഷാങ്ഹായ്, വിയറ്റ്നാം, സിങ്കപ്പൂർ, മലേഷ്യ, കൊളംബോ വഴി 6000 നോട്ടിക്കൽ മൈൽ താണ്ടിയാണ് കപ്പൽ മുന്ദ്രയിൽ എത്തേണ്ടിയിരുന്നത്. കപ്പലിന്റെ ശരാശരി വേഗത മണിക്കൂറിൽ 11 നോട്ടിക്കൽ മൈലാണ്. ഷാങ്ഹായ്, വിയറ്റ്നാം, സിങ്കപ്പൂർ എന്നിവിടങ്ങളിൽ ടൈക്കൂൺ കാരണം കപ്പലിന്റെ വേഗത 5നോട്ടിക്കൽ മൈലായതിനാലാണ് കപ്പൽ വൈകുന്നത്.

ഒക്ടോബർ 13നോ 14നാ കപ്പൽ വിഴിഞ്ഞത്ത് എത്തും. കൃത്യതയ്ക്കു വേണ്ടിയാണ് 15–ന് തീയതി നിശ്ചയിച്ചതെന്നു മന്ത്രി പറഞ്ഞു. സ്വപ്ന പദ്ധതിയുടെ പൂർത്തീകരണം എന്ന നിലയ്ക്ക് ഉദ്ഘാടന ചടങ്ങ് ആകർഷകമാക്കാനാണ് ശ്രമം.
വലിയ പ്രതീക്ഷയോടെയാണ് കേരളം ഇതിനെ നോക്കിക്കാണുന്നത്. നേരത്തെ തീരുമാനിച്ചതുപോലെ കപ്പലിനെ സ്വീകരിക്കാൻ മുഖ്യമന്ത്രി പിണറായി വിജയനും കേന്ദ്ര തുറമുഖ മന്ത്രി സർബാനന്ദ് സോനോബാളും എത്തിച്ചേരുമെന്നും മന്ത്രി വാർത്താസമ്മേളനത്തിൽ അറിയിച്ചു.

## 'സംസാരിക്കുന്നത് ഇരകൾക്ക് വേണ്ടി, 36 വീടുകൾ പണി പൂർത്തിയാക്കി ഉടൻ നൽകണം'; കളക്ടറോട് ഹൈക്കോടതി

കൊച്ചി: എൻഡോസൾഫാൻ ദുരിതബാധിതർക്ക് നിർമിച്ച വീടുകളുടെ ശോചനീയാവസ്ഥയിൽ ഇടപെട്ട് ഹൈക്കോടതി. 36 വീടുകൾ പണികൾ പൂർത്തിയാക്കി ഉടൻ ഇരകൾക്ക് നൽകണമെന്ന് കാസർകോഡ് ജില്ലാ കളക്ടറോട് ഹൈക്കോടതി ഉത്തരവിട്ടു. ഇരകൾക്ക് വേണ്ടിയാണ് സംസാരിക്കുന്നത്. 24 ലക്ഷം മാത്രമാണ് നൽകേണ്ടത്. സമയബന്ധിതമായി ഇരകളെ മാറ്റി പാർപ്പിക്കണമെന്നും കോടതി പറഞ്ഞു. ഹൈക്കോടതിയിൽ ഓൺലൈനായാണ് കാസർകോട് ജില്ലാ കലക്ടർ ഹാജരായത്.എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള വീടുകളുടെ ജീർണാവസ്ഥ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് സത്യസായി ഓർഫനേജ് ട്രസ്റ്റ് സമർപ്പിച്ച ഹർജിയിലാണ് കോടതിയുടെ നിർദ്ദേശം. വീടുകളുടെ പണിപൂർത്തിയാക്കിയതാണ്. പൂർത്തിയാക്കിയ വീടുകൾ എത്രയും വേഗം കൈമാറുമെന്നും സർക്കാർ അറിയിച്ചു. എത്രയും വേഗത്തിൽ വീടുകൾ കൈമാറണമെന്നും ഉത്തരവാദിത്തം ജില്ലാ കല്കടറെ ഏൽപ്പിക്കുന്നുവെന്നും കോടതി പറഞ്ഞു. കഴിഞ്ഞ വർഷം എൻഡോസൾഫാൻ ഇരകൾക്ക് നീതിവേണമെന്നാവശ്യപ്പെട്ട് സാമൂഹ്യപ്രവർത്തക ദയാബായി സെക്രട്ടേറിയറ്റിന് മുന്നിൽ സമരം നടത്തിയിരുന്നു. 18 ദിവസം നീണ്ടുനിന്നതിന് ശേഷമാണ് സമരം നിർത്തിവെച്ചത്. എന്നാൽ ഒരു വർഷത്തിന് ശേഷവും എൻഡോസൾഫാൻ ദുരിതം തീരുന്നില്ല.

## 'പ്രധാനമന്ത്രി ഓടുമ്പോൾ പിന്നാലെ ഓടലാണ് പണി; മുരളീധരൻ ഇല്ലാത്ത പത്രാസ് കാണിക്കരുത്'



തിരുവനന്തപുരം: കേരളത്തിന് അനുവദിച്ച രണ്ടാം വന്ദേഭാരതിന്റെ ഉദ്ഘാടനത്തിൽ ബിജെപി തരംതാണ രാഷ്ട്രീയ കളി നടത്തിയെന്ന് കോൺഗ്രസ് നേതാവും എംപിയുമായ കെ മുരളീധരൻ. വന്ദേഭാരത് ബിജെപി ഓഫീസ് പോലെയാക്കിയെന്നും മുരളീധരൻ പറഞ്ഞു. കേന്ദ്രമന്ത്രി വി മുരളീധരനാണ് ഇതിന് ചുക്കാൻ പിടിച്ചത്. മുരളീധരൻ ഇല്ലാത്ത പത്രാസ് കാണിക്കരുത്. സഹമന്ത്രിമാരുടെ ഡൽഹിയിലെ റോൾ എന്നെ കൊണ്ട് പറയിപ്പിക്കരുത്. പ്രധാനമന്ത്രി ഓടുമ്പോൾ പിന്നാലെ ഓടുകയാണ് പണി, കൂടുതൽ എഴുന്നുള്ളിക്കാതിരിക്കുകയാണ് നല്ലതെന്നും മുരളീധരൻ പറഞ്ഞു.
റെയിൽവേ സ്റ്റേഷനിൽ എത്തി പാർട്ടി പ്രവർത്തകർ വണ്ടിയെ സ്വീകരിക്കുന്നതിൽ തെറ്റില്ല. എത്തിയവർ പാർട്ടി പതാകയുമായി വണ്ടിയിൽ കയറിയിട്ട് അവരുടെ നേതാക്കൻമാർക്കായി മുദ്രാവാക്യം വിളിക്കുന്നത് തെറ്റായ പ്രവണതയാണ്.

ഇത് ഞങ്ങൾക്കും അറിയാഞ്ഞിട്ടല്ല. ഞങ്ങൾ ഇത് ചെയ്താൽ നാളെ അതിന്റെ പേരിൽ കേരളത്തിന് കിട്ടേണ്ട ട്രെയിനുകൾ മുടങ്ങുമെന്നതിനാലാണ് ചെയ്യാത്തത്. അത് ദൗർബല്യമായി കാണരുതെന്നും മുരളീധരൻ പറഞ്ഞു.
രണ്ടാം വന്ദേഭാരത് ആരുടെയെങ്കിലും സമ്മർദം കൊണ്ട് മാത്രമല്ല, ആദ്യത്തെ വന്ദേഭാരത് മികച്ച വരുമാനം നൽകിയത് കൊണ്ട് കൂടിയാണ് അനുവദിച്ചത്. എന്നാൽ ഉദ്ഘാടന യാത്ര ബിജെപി യാത്രപോലെയായിരുന്നു.
മുൻപൊന്നും വികസനപരിപാടികളുടെ ഉദ്ഘാടനത്തിന് ഇത്തരം പ്രവണതകൾ ഉണ്ടായിരുന്നില്ല. ഒ രാജഗോപാലാണ് ജനശതാബ്ദി കൊണ്ടുവന്നത്. അന്ന് ഒരു ബഹളവും ഉണ്ടായിരുന്നില്ല. കണ്ണൂർ- കൊച്ചി ഇന്റർസിറ്റി വന്നപ്പോഴും രാജധാനി എക്സ്പ്രസ് വന്നപ്പോഴും ആലപ്പുഴ റെയിൽവേ ലൈൻ തുടങ്ങിയപ്പോഴൊന്നും ഇങ്ങനെയായിരുന്നില്ല കാര്യങ്ങൾ.

വികസന പരിപാടികളെ പാർട്ടി പരിപാടികൾ ആക്കുന്നത് മേലാൽ ആവർത്തിക്കരുത്. രണ്ടാം വന്ദേഭാരത് അനുവദിക്കുന്നതിൽ കേരളത്തിലെ എല്ലാ എംപിമാരുടെ കൂട്ടായ പ്രവർത്തനം ഉണ്ടായിട്ടുണ്ട്. സംസ്ഥാന സർക്കാരും അതിനായുള്ള ശുപാർശ നടത്തിയിട്ടുണ്ടെന്നും മുരളീധരൻ പറഞ്ഞു.
വി മുരളീധരൻ ഇല്ലാത്ത പത്രാസ് കാണിക്കരുത്. സഹമന്ത്രിമാരുടെ ഡൽഹിയിലെ റോൾ എന്നെ കൊണ്ട് പറയിപ്പിക്കരുതെന്നും കെ മുരളീധരൻ പറഞ്ഞു. പ്രധാനമന്ത്രി ഓടുമ്പോൾ പിന്നാലെ ഓടുകയാണ് പണി, കൂടുതൽ എഴുന്നുള്ളിക്കാതിരിക്കുകയാണ് നല്ലത്.

വന്ദേഭാരത് ഉദ്ഘാടനപരിപാടി ബിജെപി പരിപാടിയാക്കാൻ ചുക്കാൻ പിടിച്ചത് മുരളീധരനാണ്. കേരളത്തിന് കേന്ദ്രസർക്കാർ വല്ലതും അനുവദിക്കുമ്പോൾ ഞാൻ അറിയാതെ കൊടുക്കരുതെന്ന് പറയുന്നയാളാണ് അദ്ദേഹം.
ഇരിക്കുന്ന പദവിയിൽ ഒരു മാന്യതയും ഇല്ലാത്ത ആളാണെന്നും ലോക്സഭാ തെരഞ്ഞെടുപ്പിൽ ജയിക്കില്ലെന്ന് അദ്ദേഹത്തിന് തന്നെ നന്നായി അറിയാവുന്നത് കൊണ്ട് ഒരു ടെൻഷനുമില്ലാതെ മത്സരിക്കാൻ കഴിയുന്ന ആളാണ് വി മുരളീധരനെന്നും കെ മുരളീധരൻ കുറ്റപ്പെടുത്തി.

# സൗദി യുവതിയോട് ലൈംഗികാതിക്രമം കാട്ടിയെന്ന കേസ്; വ്ലോഗർ മല്ലു ട്രാവലർക്കെതിരെ ലുക്കൗട്ട് സർക്കുലർ



കൊച്ചി: സൗദി അറേബ്യൻ യുവതിയുടെ ലൈംഗികാതിക്രമ പരാതിയിൽ വ്ളോഗർ മല്ലു ട്രാവലർ എന്ന ഷക്കീർ സുബ്ബാനെതിരെ ലുക്കൗട്ട് സർക്കുലർ. പരാതിക്കു പിന്നാലെ പൊലീസ് ഇയാൾക്കെതിരെ കേസെടുത്തിരുന്നു. പിന്നാലെയാണ് വിമാനത്താവളത്തിൽ ലുക്കൗട്ട് സർക്കുലർ നൽകിയത്. നിലവിൽ ഇയാൾ വിദേശത്താണെന്നു പൊലീസ് പറയുന്നു. ഹാജരാകാൻ ആവശ്യപ്പെട്ടതായും പൊലീസ് വ്യക്തമാക്കി. അതിനിടെ ഷക്കീർ സുബാൻ മുൻകൂർ ജാമ്യത്തിനായി ശ്രമം നടത്തുന്നതായും റിപ്പോർട്ടുണ്ട്. 354-ാം വകുപ്പ് പ്രകാരമാണ് പൊലീസ് മല്ലു ട്രാവലർക്കെതിരെ കേസെടുത്തിരിക്കുന്നത്.

29കാരിയായ സൗദി അറേബ്യൻ യുവതിയോട് മോശമായി പെരുമാറിയെന്ന പരാതിയിൽ എറണാകുളം സെൻട്രൽ പൊലീസാണ് ഷക്കിർ സുബാനെതിരെ കേസ് എടുത്തത്. ഇന്റർവ്യൂ ചെയ്യാൻ എത്തിയ സമയത്താണ് അപമര്യാദയായി പെരുമാറിയതെന്ന് യുവതി പരാതിയിൽ പറയുന്നു. സെപ്റ്റംബർ പതിമൂന്നിനായിരുന്നു സംഭവം.

കൊച്ചിയിൽ താമസിക്കുന്ന സൗദി അറേബ്യൻ പൗരയായ യുവതിയെ അഭിമുഖം നടത്തുന്നതിനായാണ് മല്ലു ട്രാവലർ ഷക്കീർ സുബാൻ ഹോട്ടലിലെത്തിയത്. ഈ സമയത്ത് യുവതിയുടെ പ്രതിശ്രുത വരനും സ്ഥലത്തുണ്ടായിരുന്നുവെന്ന് പൊലീസ് പറയുന്നു. എന്നാൽ പിന്നീട് പ്രതിശ്രുത വരൻ പുറത്തേക്ക് പോയി. ഈ സമയത്ത് ഷക്കീർ സുബാൻ പീഡന ശ്രമം നടത്തിയെന്നാണ് യുവതിയുടെ പരാതി.

വാഹനങ്ങളെക്കുറിച്ചും യാത്രകളെകുറിച്ചും സമൂഹ മാധ്യമങ്ങളിൽ വീഡിയോസ് പോസ്റ്റ് ചെയ്താണ് മല്ലു ട്രാവലർ കുട്ടികൾക്കും യുവാക്കൾക്കുമിടയിൽ ശ്രദ്ധിക്കപ്പെട്ടത്. ഇന്ത്യയിൽ ലഭ്യമല്ലാത്ത ആഡംബര വാഹനങ്ങൾ മറ്റ് രാജ്യങ്ങളിൽ ചെന്ന് ഓടിച്ച് നോക്കി അനുഭവങ്ങൾ പങ്കുവെയ്ക്കുന്ന വീഡിയോകളാണ് മല്ലു ട്രാവലറെ പ്രശസ്തനാക്കിയത്.

# കരുവന്നൂർ ബാങ്ക് തട്ടിപ്പ്: സിപിഎം നേതാവ് എംകെ കണ്ണനെ ഇഡി വിളിച്ചു വരുത്തി




കൊച്ചി: കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പു കേസിൽ സിപിഎം നേതാവ് എംകെ കണ്ണനെ ഇഡി വിളിച്ചു വരുത്തി. ചോദ്യം ചെയ്യലിനായി കൊച്ചി ഓഫീസിലേക്കാണ് വിളിച്ചു വരുത്തിയത്. തൃശൂർ കോ-ഓപ്പറേറ്റീവ് ബാങ്ക് പ്രസിഡന്റാണ് എംകെ കണ്ണൻ. കരുവന്നൂർ ബാങ്കു തട്ടിപ്പുമായി ബന്ധപ്പെട്ട് കണ്ണൻ പ്രസിഡന്റായ തൃശൂർ സഹകരണ ബാങ്കിലും ഇഡി പരിശോധന നടത്തിയിരുന്നു. കരുവന്നൂർ ബാങ്കു തട്ടിപ്പിലൂടെ പ്രതികൾ സമാഹരിച്ച പണം വിവിധ സഹകരണ ബാങ്കുകളിൽ നിക്ഷേപിച്ചതായി കണ്ടെത്തിയിരുന്നു.

സിപിഎം സംസ്ഥാന സമിതി അംഗമായ എം കെ കണ്ണൻ കേരള ബാങ്ക് വൈസ് പ്രസിഡന്റുമാണ്. കരുവന്നൂർ സഹകരണബാങ്ക് തട്ടിപ്പ് കള്ളപ്പണം വെളുപ്പിക്കൽ കേസിലെ മുഖ്യപ്രതി സതീഷ് കുമാർ ചില സിപിഎം നേതാക്കളുടെ ബിനാമി ആണെന്നാണ് ഇഡി വിലയിരുത്തൽ. കരുവന്നൂർ ബാങ്ക് തട്ടിപ്പ് കള്ളപ്പണം വെളുപ്പിക്കൽ കേസിൽ മുൻമന്ത്രി എസി മൊയ്തീനെ ഇഡി നേരത്തെ ചോദ്യം ചെയ്തിരുന്നു.

രണ്ടാമതും ചോദ്യം ചെയ്യാൻ വിളിച്ചെങ്കിലും നിയമസഭയിലെ പരിപാടി ചൂണ്ടിക്കാട്ടി മൊയ്തീൻ ഹാജരായിരുന്നില്ല.

മൊയ്തീന് വീണ്ടും നോട്ടീസ് നൽകുന്നതിൽ ഇഡി ഇന്നു തീരുമാനമെടുത്തേക്കും.



ബാലസഭ കുണ്ടാഞ്ചേരി കുഞ്ഞിരാമൻ മാസ്റ്റർ ഹാളിൽ സി ഡി.എസ് ചെയർപേഴ്സൻ കെ.സി പ്രീത അദ്ധ്യക്ഷത വഹിക്കുന്നു

# ബാലസഭ പരിശീലനം തുടങ്ങി

തലശ്ശേരി:എരഞ്ഞോളി ഗ്രാമ പഞ്ചായത്ത് ബാലസഭ സംഘടിപ്പിച്ചു' പഞ്ചായത്ത് തല പരിശീലനം ആരംഭിച്ചു. കുണ്ടാഞ്ചേരി കുഞ്ഞിരാമൻ മാസ്റ്റർ ഹാളിൽ സി ഡി.എസ് ചെയർപേഴ്സൻ കെ.സി പ്രീത അദ്ധ്യക്ഷത വഹിച്ചു. എരഞ്ഞോളി ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് എം പി ശ്രീഷ ഉദ്ഘാടനം ചെയ്തു. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ഷാജി, വാർഡ് മെമ്പർമാരായ നിമിഷ, സിന്ധു ,ഷീജ, പ്രീത സി.ഡി.എസ് വൈസ് ചെയർപേഴ്സൻ സുജല സംസാരിച്ചു ബാലസഭ ജില്ല ആർ പി മാരായ യു.ബ്രിജേഷ്, മനോജ് എന്നിവർ ക്ലാസ്സെടുത്തു.

# മയ്യഴി നഗരം അണുവിമുക്തമാക്കി

മാഹി .നിപ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി നഗരത്തെ മയ്യഴി സി.എച്ച്.സെൻറർ പ്രവർത്തകർ അണുവിമുക്തമാക്കി.ഇന്നലെ കാലത്ത് മാഹി ടാഗോർ പാർക്കിൽ ആധുനീക രീതിയിലുള്ള ഫോഗിങ്ങ് മുതിർന്ന മാധ്യമ പ്രവർത്തകൻ ചാലക്കര പുരുഷു ഉദ്ഘാടനം ചെയതു. സെൻറർ പ്രസിഡണ്ട് എ.വി.യൂസഫ് അദ്ധ്യക്ഷത വഹിച്ചു. മാഹി ഗവ: ആശുപത്രി, റെയിൽവെ സ്റ്റേഷൻ, കടലോര പ്രദേശങ്ങൾ, ദേവാലയങ്ങൾ എന്നിവയടക്കമുള്ള പൊതു ഇടങ്ങൾ സന്നദ്ധ പ്രവർത്തകർ അണുവിമുക്തമാക്കി.അജ്മൽ, നിഹാദ്,നം ഷീർ, സെക്കീർ ,റസ്മൽ, അബ് ഷീർ, മുഹമ്മദ് റംസാൻ നേതൃത്വം നൽകി.

# സ്വർണക്കടത്തുകാരനും കവർച്ചയ്ക്കെത്തിയവരും തമ്മിൽ പിടിവലി; രണ്ടുപേർ പിടിയിൽ

കോഴിക്കോട്: കരിപ്പൂർ വിമാനത്താവളം വഴി സ്വർണം കടത്തിയ യുവാവും ഈ സ്വർണം കവർച്ച ചെയ്യാനെത്തിയ സംഘത്തിലെ ഒരാളും പിടിയിൽ. സ്വർണം കടത്തിയ കോഴിക്കോട് ഉണ്ടൻചാലിൽ ലിഗീഷിനെ കസ്റ്റംസും കവർച്ചാസംഘത്തിലെ ഓമശ്ശേരി കിഴക്കേപുനത്തിൽ ആസിഫിനെ പോലീസുമാണ് കസ്റ്റഡിയിലെടുത്തത്. കരിപ്പൂർ വിമാനത്താവളത്തിന് പുറത്തുവെച്ചാണ് രണ്ടുപേരും പിടിയിലായത്. അതേസമയം, കവർച്ചാസംഘത്തിലെ നാലുപേർ ഓടിരക്ഷപ്പെട്ടു.

ലിഗീഷ് കസ്റ്റംസിന്റെ കണ്ണുവെട്ടിച്ച് ദോഹയിൽനിന്ന് കടത്തിയ സ്വർണം തട്ടിയെടുക്കാനാണ് അഞ്ചംഗസംഘം കരിപ്പൂർ വിമാനത്താവളത്തിൽ എത്തിയത്. വിമാനത്താവളത്തിന് പുറത്തുവെച്ച് ലിഗീഷും കവർച്ചാസംഘവും തമ്മിൽ പിടിവലി നടന്നു. ഇത് ശ്രദ്ധയിൽപ്പെട്ട സി.ഐ.എസ്.എഫ്. ഉദ്യോഗസ്ഥരാണ് ലിഗീഷിനെയും കവർച്ചാസംഘത്തിലെ ആസിഫിനെയും ആദ്യം പിടികൂടിയത്.

ഇതിനിടെ ആസിഫിനൊപ്പം ഉണ്ടായിരുന്ന നാലുപേർ വാഹനത്തിൽ കടന്നുകളയുകയായിരുന്നു. സി.ഐ.എസ്.എഫ്. ഉദ്യോഗസ്ഥർ പിടികൂടിയ ലിഗീഷിനെ പിന്നീട് കസ്റ്റംസിനും ആസിഫിനെ കരിപ്പൂർ പോലീസിനും കൈമാറി.

ലിഗീഷിൽനിന്ന് രണ്ട് ക്യാപ്സ്യൂളുകളായി ഒളിപ്പിച്ച സ്വർണമിശ്രിതവും കണ്ടെടുത്തിട്ടുണ്ട്. അതിനിടെ, കവർച്ചാസംഘത്തിലെ രക്ഷപ്പെട്ട നാലുപേർക്കായി തിരച്ചിൽ ഊർജിതമാക്കിയതായി പോലീസും അറിയിച്ചു.

# സംസ്ഥാനത്ത് 11 പോപ്പുലർ ഫ്രണ്ട് കേന്ദ്രങ്ങളിൽ ഇഡി റെയ്ഡ്




തിരുവനന്തപുരം: സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 11 പോപ്പുലർ ഫ്രണ്ട് കേന്ദ്രങ്ങളിൽ ഇഡി റെയ്ഡ് പുരോഗമിക്കുന്നു. മലപ്പുറം, എറണാകുളം, തൃശ്ശൂർ, വയനാട് ജില്ലകളിലാണ് പരിശോധന നടക്കുന്നത്. 250 സിആർപിഎഫ് ജീവനക്കാരുടെയും പൊലീസിന്റെയും സുരക്ഷയിലാണ് പരിശോധന പുരോഗമിക്കുന്നത്. കൊച്ചി ഇഡി ഓഫീസിൽ നിന്നുള്ള ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ഇന്ന് രാവിലെയാണ് പരിശോധന തുടങ്ങിയത്.

ചാവക്കാട് മുനയ്ക്കകടവിൽ പോപ്പുലർ ഫ്രണ്ട് നേതാവ് ലത്തീഫ് പോക്കാക്കില്ലത്തിന്റെ വീട്ടിലും കൊച്ചി കുമ്പളത്ത് പിഎഫ്ഐ മുൻ ജില്ലാ പ്രസിഡന്റ് ജമാൽ മുഹമ്മദിന്റെ വീട്ടിലുമടക്കം 11 ഇടത്താണ് പരിശോധന പുരോഗമിക്കുന്നത്. മലപ്പുറം അരീക്കോട് എസ്ഡിപിഐ നേതാവ് നൂറുൽ അമീന്റെ മൂർക്കനാട്ടെ വീട്ടിലും പരിശോധന നടക്കുന്നുണ്ട്. കൊച്ചിയിൽ നിന്നുള്ള ഇഡി ഉദ്യോഗസ്ഥരാണ് പരിശോധനക്ക് എത്തിയത്. മൂർക്കനാട്ടെ സ്വകാര്യ സ്കൂളിലെ അറബിക് അധ്യാപകനാണ് നൂറുൽ അമീൻ. മലപ്പുറം മഞ്ചേരി കിഴക്കേത്തല സ്വദേശി അബ്ദുൾ ജലീൽ, കാരാപ്പറമ്പ് സ്വദേശി ഹംസ എന്നിവരുടെ വീടുകളിലും പരിശോധന നടക്കുന്നുണ്ട്.

കേരളത്തിൽ പിഎഫ്ഐ സ്ലീപ്പർ സെല്ലുകൾ സജീവമായി പ്രവർത്തിക്കുന്നുണ്ടെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് പരിശോധന. ഇത്തരം കേന്ദ്രങ്ങളിൽ ആണ് പരിശോധന നടക്കുന്നതെന്നും ഇഡി വൃത്തങ്ങളിൽ നിന്ന് വിവരം ലഭിച്ചു. കേരളത്തിലേക്ക് തീവ്രവാദ പ്രവർത്തനങ്ങൾക്ക് ഹവാല പണം വന്നുവെന്ന വിവരവും പരിശോധനയ്ക്ക് പിന്നിലുണ്ട്. നേരത്തെ എൻഐഎ അറസ്റ്റ് ചെയ്ത പ്രതികളിൽ നിന്ന് ഇത് സംബന്ധിച്ച് ഇഡിക്ക് വിവരങ്ങൾ ലഭ്യമായിരുന്നു.



# പ്രശസ്ത സംവിധായകൻ കെ. ജി ജോർജ്ജ് അന്തരിച്ചു

കൊച്ചി: പ്രശസ്ത സിനിമാ സംവിധായകൻ കെ ജി ജോർജ് (77) അന്തരിച്ചു. കാക്കനാട്ടെ വയോജന കേന്ദ്രത്തിൽ വെച്ചായിരുന്നു അന്ത്യം. പ്രായാധിക്യം മൂലം ദീർഘകാലമായി ചികിത്സയിലായിരുന്നു. 1946 ൽ തിരുവല്ലയിൽ ജനിച്ചു.

1968ൽ കേരള സർവ്വകലാശാലയിൽ നിന്നു ബിരുദവും 1971ൽ പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് സിനിമാ സംവിധാനത്തിൽ ഡിപ്ലോമയും നേടി. രാമുകാര്യാട്ടിന്റെ മായ എന്ന സിനിമയിൽ സഹായിയായിട്ടാണ് സിനിമയിൽ തുടക്കം കുറിക്കുന്നത്.

അദ്ദേഹത്തിന്റെ സഹായിയായി മൂന്നു വർഷത്തോളം ജോലി ചെയ്തു.

സമകാലിക രാഷ്ട്രീയ സാമൂഹ്യ പ്രശ്നങ്ങളെ അവലംബമാക്കി സിനിമകൾ ചെയ്തു. 1970കൾ മുതൽ ചലച്ചിത്ര സമീപനങ്ങളെ നവീകരിച്ച സംവിധായകരിൽ ഒരാളായാണ് ജോർജ് കണക്കാക്കപ്പെടുന്നത്.

ഇരകൾ, യവനിക, ആദാമിന്റെ വാരിയെല്ല്, പഞ്ചവടിപ്പാലം, സ്വപ്നാടനം, കോലങ്ങൾ, ലേഖയുടെ മരണം ഒരു ഫൽഷ് ബാക്ക് തുടങ്ങിയവയാണ് കെജി ജോർജിന്റെ പ്രശസ്ത സിനിമകൾ.

പ്രശസ്ത സംഗീതജ്ഞൻ പാപ്പുക്കുട്ടി ഭാഗവതരുടെ മകൾ സൽമയാണ് ഭാര്യ.

# സ്കൂൾ അധ്യാപകരെ അഞ്ചുവർഷത്തിലൊരിക്കൽ സ്ഥലംമാറ്റണം; നിയമസഭാ സമിതിയുടെ ശുപാർശ

തിരുവനന്തപുരം: എല്ലാ സ്കൂൾ അധ്യാപകർക്കും അഞ്ചുവർഷത്തിലൊരിക്കൽ സ്ഥലംമാറ്റം നടപ്പാക്കണമെന്ന് നിയമസഭാ സമിതിയുടെ ശുപാർശ. കെ കെ ശൈലജ അധ്യക്ഷയായ പൊതുവിദ്യാഭ്യാസ എസ്റ്റിമേറ്റ് സമിതിയുടേതാണ് ശുപാർശ. എൽ പി, യുപി, ഹൈസ്കൂൾ അധ്യാപകർക്ക് അഞ്ചുവർഷത്തിലൊരിക്കൽ സ്ഥലംമാറ്റം നടത്തുന്നത് പരിഗണിക്കണം.

കഴിവുള്ള അധ്യാപകരുടെ സേവനം എല്ലാ സ്കൂളിലും ലഭ്യമാക്കാനാണ് പൊതുവിദ്യാഭ്യാസ എസ്റ്റിമേറ്റ് സമിതി ശുപാർശയിൽ നിർദേശിക്കുന്നത്. ഈ അധ്യയന വർഷം തന്നെ ഇംഗ്ലീഷ് അധ്യാപകർ ഇല്ലാത്ത സ്കൂളുകളിൽ തസ്തികനിർണയം നടത്തി നിയമനം നടത്തണം. കായികവിദ്യാഭ്യാസത്തിനും നടപടിവേണം. അധ്യാപകരെ നിയമിക്കുന്നത് പരിശോധിക്കണമെന്നും ശുപാർശയിൽ പറയുന്നു. നിലവിൽ ഹയർ സെക്കൻഡറി അധ്യാപകർക്കു മാത്രമാണ് നിർബന്ധിത സ്ഥലംമാറ്റമുള്ളത്. ഹയർ സെക്കൻഡറി അധ്യാപകർക്ക് മൂന്നുവർഷം കൂടുമ്പോൾ സ്ഥലംമാറ്റത്തിന് അപേക്ഷിക്കാം. അഞ്ചുവർഷത്തിലൊരിക്കൽ സ്ഥലംമാറ്റമുണ്ടാവും.



കോടിയേരി ബാലകൃഷ്ണൻ സ്മാരക നഗരസഭാ ടൗൺ ഹാൾ എന്നാക്കി പുനർനാമകരണം ചെയ്ത് എൻ ശംസീർ സംസാരിക്കുന്നു

# കരിപ്പൂർ വികസനം:പള്ളിക്കൽ സ്വദേശിക്ക് കിട്ടിയത് 8.37 കോടി, ഭൂമി നൽകാൻ തയ്യാറായി കൂടുതൽ പേർ



കൊണ്ടോട്ടി : കോഴിക്കോട് വിമാനത്താവള വികസനത്തിന് ഏറ്റെടുക്കുന്നത് 12.506 ഏക്കർ ഭൂമി. ഏഴേക്കർ ഏറ്റെടുക്കാൻ തീരുമാനിച്ച പള്ളിക്കൽ വില്ലേജിൽനിന്ന് 5.566 ഏക്കറും ഏഴരയേക്കർ തീരുമാനിച്ച നെടിയിരുപ്പിൽനിന്ന് 6.94 ഏക്കറുമാണ് ഏറ്റെടുക്കുന്നത്.

അതിർത്തി നിർണയിച്ച് ഏറ്റെടുക്കുന്ന മുഴുവൻ ഭൂമിയും അളന്നുതിട്ടപ്പെടുത്തിയതോടെയാണ് കൃത്യമായ വിസ്തീർണം വ്യക്തമായത്. റൺവേ എൻഡ് സേഫ്റ്റി ഏരിയ(റെസ)യുടെ നീളം 90 മീറ്ററിൽനിന്ന് 240 മീറ്ററായി വിപുലീകരിക്കുന്നതിനാണ് ഭൂമി ഏറ്റെടുക്കുന്നത്. 18.5 ഏക്കർ ഭൂമി ഏറ്റെടുക്കാനായിരുന്നു തീരുമാനം. പള്ളിക്കൽ വില്ലേജിൽ കുമ്മിണിപ്പറമ്പ് റോഡിനു പടിഞ്ഞാറുവശത്ത് പള്ളിയും കബറിസ്താനും ഒഴിവാക്കിയതോടെ ഏറ്റെടുക്കുന്നത് 14.5 ഏക്കറായി ചുരുങ്ങി. വിമാനത്താവള അതോറിറ്റി അധികൃതർ അതിർത്തി നിർണയിച്ചു നൽകിയ സ്ഥലം അളന്നപ്പോൾ പ്രതീക്ഷിച്ചതിലും രണ്ടേക്കർ കുറവാണെന്നു കണ്ടെത്തി. സ്ഥലം സന്ദർശിച്ച് അളക്കാതെയാണ് അതോറിറ്റി അതിർത്തി നിർണയിച്ചത്. നിശ്ചയിച്ചതിനേക്കാൾ രണ്ടേക്കർ കുറഞ്ഞത് വിമാനത്താവളവികസനത്തെ ബാധിക്കില്ലെന്നാണ് വിലയിരുത്തൽ. ഭൂവുടമകൾക്ക് നഷ്ടപരിഹാരത്തുക കൈമാറുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കഴിഞ്ഞദിവസം നെടിയിരുപ്പ് പാലക്കപ്പറമ്പ് അങ്കണവാടിയിൽ നടന്ന പ്രത്യേക ക്യാമ്പ് കഴിഞ്ഞതോടെ മുഴുവൻ ഭൂവുടമകളും രേഖകൾ കൈമാറിക്കഴിഞ്ഞു.

**ഭൂമി വിട്ടുനൽകാൻ കൂടുതൽ ആളുകൾ തയ്യാർ**

ഭൂമി വിട്ടുനൽകാൻ തയ്യാറായി മുപ്പതോളംപേർ അധികൃതരെ സമീപിച്ചിട്ടുണ്ട്. ഭാഗികമായി ഏറ്റെടുത്ത ഭൂമിയുടെ ബാക്കിഭാഗവും വിട്ടുനൽകാൻ തയ്യാറായാണ് കൂടുതൽപേരും അധികൃതരെ ബന്ധപ്പെട്ടത്. വഴി നഷ്ടപ്പെട്ടതും ഉയർന്ന നഷ്ടപരിഹാരത്തുകയുമെല്ലാം മാറിച്ചിന്തിക്കാൻ പ്രേരിപ്പിച്ചിട്ടുണ്ട്.

**നഷ്ടപരിഹാരം 8.37 കോടി രൂപവരെ**

ഭൂമി വിട്ടുനൽകിയതിന് ഏറ്റവുമധികം നഷ്ടപരിഹാരത്തുക ലഭിക്കുന്നത് പള്ളിക്കൽ വില്ലേജിലെ ഭൂവുടമയ്ക്കാണ്. ഒരേക്കറിനടുത്ത് ഭൂമിയും വീടും വാടക ക്വാർട്ടേഴ്സുമെല്ലാം നഷ്ടപ്പെടുന്ന ഇയാൾക്ക് 8.37 കോടി രൂപ ലഭിക്കും. ഒരുകോടി രൂപയിലേറെ ലഭിക്കുന്ന ഒട്ടേറെയാളുകളുണ്ട്. നെടിയിരുപ്പിൽ ഇരുപത്തിനാലും പള്ളിക്കലിൽ പന്ത്രണ്ടുമടക്കം 36 വീടുകളാണ് ഏറ്റെടുക്കുന്ന ഭൂമിയിലുള്ളത്. കൂടാതെ, പള്ളിക്കലിൽ രണ്ടു ക്വാർട്ടേഴ്സുകളും മൂന്നുകെട്ടിടങ്ങളും ഏറ്റെടുക്കുന്നുണ്ട്. പുനരധിവാസ പാക്കേജിനും നഷ്ടപരിഹാരത്തിനുമായി 70.2 കോടി രൂപ സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ട്.

പട്ടയമില്ലാത്ത ഭൂമിയിൽ താമസിക്കുന്ന കുമ്മിണ്ണിപ്പറമ്പ് കുറുപ്പംചാലിൽ രമണിയുടെയും ഭർത്തൃസഹോദര ഭാര്യ പിറുങ്ങയുടെയും കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ചശേഷം നഷ്ടപരിഹാരം നൽകും. ഇവരുടെ മക്കളുടെ വീടുകളടക്കം നാലു വീടുകൾക്ക് പുനരധിവാസ പാക്കേജ് പ്രകാരമുള്ള ആശ്വാസധനവും അനുവദിക്കുമെന്ന് റവന്യൂ അധികൃതർ പറഞ്ഞു.

# തലശ്ശേരി ടൗൺ ഹാൾ ഇനി കോടിയേരിയുടെ ഓർമ്മകളിൽ

തലശ്ശേരി:പൊതുപ്രവർത്തകന്റെ മൂലധനം ജനങ്ങളാണെന്ന് ആഴത്തിൽ മനസ്സിലാക്കാനും, പുഞ്ചിരിച്ച മുഖത്തോട് കൂടി മാത്രം ജനങ്ങളെ സമീപിക്കുകയും, സഹജീവികളോട് ആർദ്രതയും കരുണയും കാണിക്കുകയും, മറ്റുള്ളവർക്ക് ക്ഷമയോടെ കാതു കൊടുക്കുകയും ചെയ്ത നേതാവായിരുന്നു കോടിയേരി ബാലകൃഷ്ണനെന്ന് സ്പീക്കർ അഡ്വ:എ. എൻ ഷംസീർ അഭിപ്രായപ്പെട്ടു. തലശ്ശേരി ടൗൺ ഹാളിന്റെ പേര് കോടിയേരി ബാലകൃഷ്ണൻ സ്മാരക നഗരസഭാ ടൗൺ ഹാൾ എന്നാക്കി പുനർനാമകരണം ചെയ്ത ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു സ്പീക്കർ.

തലശ്ശേരിക്ക് പുതിയ വികസന മാതൃക കാണിച്ചു തന്ന കോടിയേരി തന്നെയാണ് പുതുകാലത്തിന്റെ തലശ്ശേരിയുടെ വികസന ശിൽപ്പിയെന്നും സ്പീക്കർ ചൂണ്ടിക്കാട്ടി.

നഗരസഭാ ചെയർപേഴ്സൺ കെ.എം.ജമുനാ റാണി അദ്ധ്യക്ഷത വഹിച്ചു. കാരായി രാജൻ, സജീവ് മാറോളി, റാഷിദ ടീച്ചർ, എം.പി.സുമേഷ്, എ പ്രദീപ്, സി.കെ.രമേശൻ ,കെ.വിനയരാജ്, കെ.അച്ചുതൻ, അഡ്വ .. കെ.എ.ലത്തീഫ് ,സി.പി.എം നൗഫൽ, സി.സി.വർഗ്ഗീസ്, വർക്കി വട്ടപ്പാറ, എം.പി.സുമേഷ്, എം.വി.ജയരാജൻ, സംസാരിച്ചു. വൈസ് ചെയർമാൻ വാഴയിൽ ശശി സ്വാഗതവും, എം.സുരേഷ് കുമാർ നന്ദിയും പറഞ്ഞു.

## ഊരാളുങ്കൽ സൊസൈറ്റിയുടെ 82 ശതമാനം ഓഹരികളും സംസ്ഥാന സർക്കാരിൻറേത്: സുപ്രീം കോടതിയിൽ സത്യവാങ്മൂലം

ഡൽഹി: കോഴിക്കോട് കേന്ദ്രമായി പ്രവർത്തിക്കുന്ന ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ- ഓപ്പറേറ്റീവ് സൊസൈറ്റിയുടെ 82 ശതമാനം ഓഹരികളും സംസ്ഥാന സർക്കാരിന്റേത് ആണെന്ന് വ്യക്തമാക്കി കേരളം സുപ്രീം കോടതിയിൽ സത്യവാങ്മൂലം ഫയൽ ചെയ്തു.

സാമ്പത്തിക പരിധിയില്ലാതെ ഏത് പ്രവർത്തനങ്ങളും ഏറ്റെടുക്കാൻ ഊരാളുങ്കൽ സൊസൈറ്റിക്ക് അനുമതി നൽകുന്ന ഉത്തരവ് ഇറക്കിയിട്ടുണ്ടെന്നും സത്യവാങ്മൂലത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

കണ്ണൂരിലെ ഏഴുനില കോടതി സമുച്ചയത്തിന്റെ നിർമ്മാണം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ- ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയിരുന്നു.

ഇതിന് എതിരായ ഹർജിയിലാണ് സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ സത്യവാങ്മൂലം ഫയൽ ചെയ്തത്. സ്റ്റാൻഡിങ് കൗൺസൽ സികെ ശശിയാണ് കേരള സർക്കാരിന് വേണ്ടി സത്യവാങ്മൂലം ഫയൽ ചെയ്തത്.

ഇതിലാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ - ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ബഹുഭൂരിപക്ഷം ഓഹരികളും സംസ്ഥാന സർക്കാരിന്റേത് ആണെന്ന് ചൂണ്ടിക്കാട്ടിയിരിക്കുന്നത്.

# ഓപ്പറേഷൻ ഡി ഹണ്ട്: സംസ്ഥാനത്ത് 244 പേർ അറസ്റ്റിൽ, 246 കേസുകൾ

തിരുവനന്തപുരം: സംസ്ഥാനത്തെ ലഹരിവിൽപ്പനക്കാരെ കണ്ടെത്താൻ സംസ്ഥാന വ്യാപകമായി നടത്തിയ പരിശോധനയിൽ 244 പേർ അറസ്റ്റിലായി. 246 കേസുകൾ രജിസ്റ്റർ ചെയ്തു. 81.46 ഗ്രാം എംഡിഎംഎയും 10. 35 കിലോ കഞ്ചാവും പിടികൂടി. ഓപ്പറേഷൻ ഡി ഹണ്ട് എന്ന പേരിലായിരുന്നു പരിശോധന.

സംസ്ഥാനത്തെ 1373 കേന്ദ്രങ്ങളിൽ ഒരേ സമയമായിരുന്നു റെയ്ഡ്. ലഹരി വിൽപ്പനക്കാരുടെയും ഇടനിലക്കാരുടേയും പട്ടിക തയ്യാറാക്കിയായിരുന്നു പരിശോധന. ഏറ്റവും കൂടുതൽ പേർ അറസ്റ്റിലായത് കൊച്ചിയിൽ നിന്നാണ്. 61 പേരാണ് കൊച്ചിയിൽ അറസ്റ്റിലായത്. തിരുവനന്തപുരം റേഞ്ചിൽ 49 കേസുകൾ രജിസ്റ്റർ ചെയ്തു. 48 പേർ അറസ്റ്റിലായി. ആലപ്പുഴയിൽ 45 പേരും ഇടുക്കിയിൽ 33 പേരും അറസ്റ്റിലായിട്ടുണ്ട്. മറ്റു ജില്ലകളിലും അറസ്റ്റിലായവരുടെ അടക്കം വിശദ വിവരങ്ങൾ പൊലീസ് പരിശോധിച്ചു വരികയാണ്.കോഴിക്കോട് ഉള്ള്യേരിയിൽ ഓപ്പറേഷൻ ഡി ഹണ്ടിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ 65 മില്ലിഗ്രാം എംഡി എം എയുമായി യുവാവ് പിടിയിലായി. 23 വയസുകാരനായ മുഷ്താഖ് അൻവറിനെയാണ് അത്തോളി പൊലീസ് അറസ്റ്റ് ചെയ്തത്. കൊയിലാണ്ടി സ്റ്റേഷനിൽ ഇയാളുടെ പേരിൽ മറ്റൊരു എംഡിഎംഎ കേസും നിലവിലുണ്ടെന്നും മയക്കുമരുന്ന് വിതരണ സംഘത്തിലെ കണ്ണിയാണ് അൻവറെന്ന് സംശയിക്കുന്നതായും പൊലീസ് അറിയിച്ചു.

# നായ്ക്കളുടെ സംരക്ഷണത്തിൽ വൻ കഞ്ചാവ് കച്ചവടം; പൊലീസിനെ കണ്ട് പ്രതി ഓടി രക്ഷപെട്ടു

കോട്ടയം: കുമാരനെല്ലൂരിൽ നായ്ക്കളുടെ സംരക്ഷണത്തിൽ വൻ കഞ്ചാവ് കച്ചവടം.

കുമാരനെല്ലൂർ സ്വദേശിയായ റോബിന്റെ വീട്ടിൽ നിന്ന് 18 കിലോ കഞ്ചാവ് പിടിച്ചെടുത്തു. പരിശോധനയ്ക്കെത്തിയ പൊലീസ് സംഘത്തെ കണ്ട് പ്രതിയായ റോബിൻ സംഭവസ്ഥലത്ത് നിന്നും ഓടി രക്ഷപ്പെട്ടു.

ഇന്ന് രാവിലെ നാല് മണിയോടെയാണ് പൊലീസും ലഹരിവിരുദ്ധ സംഘവും റെയ്ഡിനായെത്തിയത്. ഇതറിഞ്ഞ റോബിൻ ഓടിരക്ഷപെടുകയായിരുന്നു. ഇയാൾക്കായി അന്വേഷണം ഊർജിതമാക്കിയതായി പൊലീസ് പറയുന്നു.

കോട്ടയം ജില്ലാ പൊലീസ് മേധാവിയുടെ ലഹരിവിരുദ്ധ സംഘവും ഗാന്ധിനഗർ പൊലീസും ചേർന്ന് നടത്തിയ പരിശോധനയിലാണ് കഞ്ചാവ് പിടിച്ചെടുത്തത്. 13 നായ്ക്കളെ പ്രതി വീട്ടിൽ വളർത്തിയിരുന്നു. കുമാരനെല്ലൂർ കൊച്ചാലുംമൂട്ടിലെ ഒരു വാടകവീട് കേന്ദ്രീകരിച്ചാണ് റോബിന്റെ കഞ്ചാവ് കച്ചവടം. നായ്ക്കളെ വളർത്തുന്ന ഷെഡ്ഡിന്റെ ഭിത്തിയിൽ റോബിന്റെയും നായ്ക്കളുടേയുമടക്കം ചിത്രവും വരച്ചു വച്ചിട്ടുണ്ട്. ഏറെ ദുരൂഹമായ അന്തരീക്ഷത്തിലായിരുന്നു ഇയാളുടെ താമസം.

കഴിഞ്ഞ കുറെ നാളുകളായി ഇവിടെ കഞ്ചാവ് വിൽപ്പന നടത്തിവരികയാണ് റോബിൻ. എക്സൈസ് സംഘമെത്തുമ്പോൾ നായ്ക്കളെ അഴിച്ചുവിടുകയാണ് ഇയാളുടെ രീതി. വാടക കരാറിൽ ഡോഗ് ഹോസ്റ്റൽ എന്ന നിലയ്ക്ക് പട്ടികളെ വളർത്തിയാണ് കഞ്ചാവ് കച്ചവടം പൊടിപൊടിക്കുന്നത്. രാത്രി വൈകിയും ഇവിടെ വലിയ ബഹളം കേൾക്കാമെന്നും ആളുകൾ വന്നുപോവാറുണ്ടെന്നും നാട്ടുകാർ പറയുന്നു. പൂനെയിൽ താമസിക്കുന്ന ഒരാളുടെ കെട്ടിടമാണിത്.

മുമ്പും നിരവധി കേസുകളുള്ള റോബിനെ പിടികൂടാൻ ഇതുവരെ പൊലീസിന് സാധിച്ചിട്ടില്ല. വീട്ടിൽ ഒരു നമ്പർ പ്ലേറ്റില്ലാത്ത കാറും കിടപ്പുണ്ട്. റോബിനെതിരെ നിരവധി തവണ പരാതി നൽകിയിട്ടുണ്ടെന്നും എന്നാൽ കാര്യക്ഷമമായ നടപടികൾ ഉണ്ടായില്ലെന്നും നാട്ടുകാർ പറയുന്നു. പ്രദേശവാസികളുമായി സഹകരണമില്ലാത്തയാളാണെന്നും ആരും കയറാതിരിക്കാൻ നായ്ക്കളെ തുറന്നുവിടുമെന്നും രാത്രി ഏഴ് മണിക്കു ശേഷമാണ് ഇവിടെ ആളുകൾ വരുന്നതെന്നും നാട്ടുകാർ ചൂണ്ടിക്കാട്ടുന്നു.

രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ മയക്കുമരുന്ന് വിരുദ്ധ സ്ക്വാഡും പൊലീസും കുറച്ചുദിവസമായി അന്വേഷണം നടത്തിവരികയായിരുന്നെന്നും തുടർന്ന് ഇന്നലെ കോടതിയുടെ അനുമതി വാങ്ങി ഇന്ന് പുലർച്ചെ പരിശോധന നടത്തുകയായിരുന്നെന്നും കോട്ടയം ജില്ലാ പൊലീസ് മേധാവി കെ കാർത്തിക് പറഞ്ഞു.

പൊലീസിനെ കണ്ട് പ്രതി ഓടിരക്ഷപെട്ടു. ഇയാൾ ഒരു ഡോഗ് ട്രെയ്നർ ആയിട്ടാണ് പുറത്ത് അറിയപ്പെടുന്നത്. എന്നാൽ അതിന്റെ മറവിൽ കഞ്ചാവും മയക്കുമരുന്നും വിൽക്കുകയായിരുന്നെന്നും അദ്ദേഹം പറഞ്ഞു.

നായ്ക്കളുടെ ഉടമകളെ കണ്ടെത്തും. 'കാക്കി കണ്ടാൽ ആക്രമിക്കുക' എന്ന നിലയ്ക്കാണ് ഇയാൾ നായ്ക്കൾക്ക് പരിശീലനം നൽകുന്നത്. പ്രതിയെ എത്രയും വേഗം പിടികൂടുമെന്നും കൂടുതൽ പേർക്ക് പങ്കുണ്ടോയെന്ന് അന്വേഷിക്കുമെന്നും ജില്ലാ പൊലീസ് മേധാവി വ്യക്തമാക്കി. ഇത്രയും പട്ടികളുണ്ടാവുമെന്ന് പ്രതീക്ഷിച്ചില്ലെന്നും അതിനാൽ പെട്ടെന്ന് പോയി പ്രതിയെ പിടികൂടാൻ സാധിച്ചില്ലെന്നും ഭാഗ്യംകൊണ്ട് ഉദ്യോഗസ്ഥർക്കൊന്നും പരിക്കില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ബീഹാറിൽ ദലിത് യുവതിയെ നഗ്നയാക്കി മർദിച്ചു; വായിലേക്ക് മൂത്രം ഒഴിച്ചു, പ്രതികൾ ഒളിവിൽ

പട്ന: ദലിത് യുവതിയെ നഗ്നയാക്കി മർദിക്കുകയും, വായിലേക്ക് മൂത്രം ഒഴിക്കുകയും ചെയ്ത സംഭവത്തിൽ പ്രതികൾ ഒളിവിൽ. കുസ്രുപൂർ പൊലിസ് സ്റ്റേഷന്റെ പരിധിയിലുള്ള മൊഷിംപൂർ ഗ്രാമത്തിൽ കഴിഞ്ഞ ശനിയാഴ്ച രാത്രിയായിരുന്നു സംഭവം.

യുവതിയെ അക്രമിച്ച സംഭവത്തിൽ പ്രതികളായ പ്രമോദ് സിങ്, ഇയാളുടെ മകനായ അൻഷു സിങ് എന്നിവരെ തിരിച്ചറിഞ്ഞിട്ടുണ്ടെന്നും, രണ്ട് പ്രതികളും നിലവിൽ ഒളിവിലാണെന്നും പൊലിസ് അറിയിച്ചു.

സംഭവത്തിൽ അതിജീവിത, പ്രമോദ് സിങിൽ നിന്നും 1500 രൂപ കടം വാങ്ങിയിരുന്നു, ശേഷം പലിശയടക്കം ഇവർ പ്രമോദ് സിങിന് പണം തിരികെ നൽകിയെങ്കിലും അയാൾ അതിജീവിതയോട് കൂടുതൽ പണം ആവശ്യപ്പെടുകയും, അവർ ഇത് നിഷേധിക്കുകയും ചെയ്യുകയായിരുന്നു. ഇതോടെ ഇയാൾ അവരെ പൊതുജന മധ്യത്തിൽ നഗ്നയാക്കി നടത്തുമെന്ന് ഭീഷണിപ്പെടുത്തി.തുടർന്ന് അതിജീവിത പ്രമോദ് സിങിനെതിരെ പൊലിസ് സ്റ്റേഷനിൽ പരാതി നൽകുകയും, പൊലിസ് ഇയാളെ സ്റ്റേഷനിൽ വിളിച്ചുവരുത്തി ചോദ്യം ചെയ്യുകയും ചെയ്തിരുന്നു.

ഇതിൽ പ്രകോപിതനായ പ്രമോദ് സിങ് മകനായ അൻഷു സിങിനേയും കൂട്ടാളികളേയും കൂട്ടി, സ്ത്രീയെ വീട്ടിൽ നിന്നും തട്ടിക്കൊണ്ടു പോകുകയും, ശേഷം നഗ്നയാക്കിയ ശേഷം ക്രൂരമായി മർദിച്ച് അൻഷു സിങിനെക്കൊണ്ട് അവരുടെ വായിലേക്ക് മൂത്രമൊഴിപ്പിക്കുകയുമായിരുന്നു.

അതിജീവിതയെ പൊലിസ് കണ്ടെത്തി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്ക് എത്തിച്ചെങ്കിലും പ്രതികൾ രക്ഷപ്പെട്ടിരുന്നു. പ്രതികൾക്കായി തിരച്ചിൽ തുടരുകയാണെന്ന് കുസ്രുപൂർ പൊലിസ് സ്റ്റേഷൻ ഹെഡ് ഓഫീസറായ സിയാറാം യാദവ് മാധ്യമങ്ങളെ അറിയിച്ചു.

# 'ധൈര്യമുണ്ടെങ്കിൽ ഹൈദരാബാദിൽ മത്സരിക്കൂ'; രാഹുൽ ഗാന്ധിയെ വെല്ലുവിളിച്ച് ഒവൈസി



ഹൈദരാബാദ്: ലോക്സഭ തെരഞ്ഞെടുപ്പിൽ ഹൈദരാബാദിൽ നിന്നും മത്സരിക്കാൻ കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയെ വെല്ലുവിളിച്ച് എഐഎംഐഎം പാർട്ടി നേതാവ് അസദുദ്ദീൻ ഒവൈസി. വയനാട്ടിൽ അല്ല, ഹൈദരാബാദിൽ നിന്നും ജനവിധി തേടാൻ രാഹുൽ തയ്യാറാകണം. ഹൈദരാബാദിൽ നടന്ന പൊതുയോഗത്തിലാണ് ഓൾ ഇന്ത്യ മജ്ലിസ് ഇ ഇത്തിഹാദുൾ മുസ്ലിമീൻ പാർട്ടി നേതാവിന്റെ വെല്ലുവിളി.

അയോധ്യയിലെ ബാബരി മസ്ജിദ് തകർക്കപ്പെട്ടത് കോൺഗ്രസ് സർക്കാരിന്റെ കാലത്താണെന്നും ഒവൈസ് ഓർമ്മിപ്പിച്ചു. 'നിങ്ങൾ വലിയ പ്രസ്താവനകൾ തുടരുന്നു. താഴേക്കിറങ്ങി വന്ന് എനിക്കെതിരെ പോരാടുക. പോരാട്ടത്തിന് ഞാൻ തയ്യാറാണ്'. ബാബരി മസ്ജിദും സെക്രട്ടേറിയറ്റിലെ മസ്ജിദും തകർത്തത് കോൺഗ്രസ് ഭരണത്തിലാണെന്നും ഒവൈസി പറഞ്ഞു.

തെലങ്കാനയിൽ, കോൺഗ്രസ് പാർട്ടി ബിആർഎസിന് എതിരെ മാത്രമല്ല പോരാടുന്നത്. ബിആർഎസ്, ബിജെപി, എഐഎംഐഎം എന്നീ പാർട്ടികളുടെ കൂട്ടുകെട്ടിനെതിരെയാണെന്ന് രാഹുൽഗാന്ധി അഭിപ്രായപ്പെട്ടിരുന്നു. വ്യത്യസ്ത പാർട്ടികൾ എന്ന് അവർ സ്വയം പറയുന്നുണ്ടെങ്കിലും, അവർ ഒരുമിച്ച് പ്രവർത്തിക്കുന്നുവെന്നും രാഹുൽ ആരോപിച്ചിരുന്നു.

## യുഎഇയുടെ മന്ത്രിയാകാൻ യുവാക്കളെയും യുവതികളെയും ക്ഷണിച്ച് ഷെയ്ഖ് മുഹമ്മദ്; അപേക്ഷകളുടെ പ്രളയം

ദുബൈ: രാജ്യത്തിന്റെ മന്ത്രിയാകാൻ യുഎഇ വൈസ് പ്രസിഡന്റ് യുവാക്കളെ ക്ഷണിച്ചതിന് പിന്നാലെ അപേക്ഷ പ്രവാഹം. സമൂഹ മാധ്യമത്തിൽ വൈസ് പ്രസിഡന്റ് പ്രഖ്യാപനം നടത്തി ഏഴ് മണിക്കൂറിനുള്ളിൽ 4,700 അപേക്ഷകളാണ് സ്ഥാനാർത്ഥികളിൽ നിന്ന് മന്ത്രിസഭയ്ക്ക് ലഭിച്ചത്. മന്ത്രിസഭയുടെ ഭാഗമാകാൻ രാജ്യത്തെ യുവാക്കളെയും യുവതികളെയും ക്ഷണിച്ചായിരുന്നു വൈസ് പ്രസിഡന്റ് മൈക്രോ ബ്ലോഗിംഗ് പ്ലാറ്റ്ഫോമായ എക്സിൽ പോസ്റ്റ് ഇട്ടത്.

രാജ്യത്തിന്റെ യുവജനമന്ത്രിയായി, യുവജന പ്രശ്നങ്ങളെ പ്രതിനിധീകരിക്കാൻ ഒരു വിശിഷ്ട യുവാവിനെയോ യുവതിയെയോ തിരയുകയാണെന്ന് കാണിച്ചാണ് യുഎഇ വൈസ് പ്രസിഡന്റും പ്രധാനമന്ത്രിയും ദുബൈ ഭരണാധികാരിയുമായ ഹിസ് ഹൈനസ് ഷെയ്ഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം തന്റെ ഔദ്യോഗിക സോഷ്യൽ മീഡിയ ഹാൻഡിലുകളിൽ അപേക്ഷ ക്ഷണിച്ചത്. തിരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകൻ യുഎഇ കാബിനറ്റിൽ യുവജന മന്ത്രിയാകുമെന്ന് അദ്ദേഹം പറഞ്ഞു.

അനുയോജ്യമായ സ്ഥാനാർത്ഥിക്ക് മാതൃരാജ്യ വിഷയങ്ങളെക്കുറിച്ച് ആഴത്തിലുള്ള ധാരണ ഉണ്ടായിരിക്കണമെന്നും യുക്തിപരമായ സമീപനം നിലനിർത്തണമെന്നും മാതൃരാജ്യത്തെ സേവിക്കുന്നതിൽ അഭിനിവേശമുള്ളവരായിരിക്കണം എന്നും ഷെയ്ഖ് മുഹമ്മദ് എഴുതി.യുവജന മന്ത്രിയാകാൻ യോഗ്യരും കഴിവുള്ളവരും സത്യസന്ധരും ആയവർക്ക് അവരുടെ അപേക്ഷകൾ കാബിനറ്റ് കാര്യ മന്ത്രാലയത്തിലേക്ക് Contac-tUs@moca.gov.ae എന്ന വിലാസത്തിൽ അയക്കാം.ഭരണകൂടത്തിന്റെ ഈ നടപടിയെ അഭിനന്ദിച്ച് നിരവധിപ്പേർ എക്സിൽ എത്തി. അതോടൊപ്പം മന്ത്രിയാകാൻ താല്പര്യമറിയിച്ച് നിരവധിപേർ എക്സിൽ തന്നെ പ്രതികരിച്ചിട്ടുണ്ട്.

# 'മുസ്‌ലിംകൾക്കും ക്രിസ്ത്യാനികൾക്കും ഇടയിൽ ശ്രദ്ധ കേന്ദ്രീകരിക്കണം'; ആർ.എസ്.എസ് പ്രവർത്തകരോട് മോഹൻ ഭാഗവത്



ലഖ്നൗ: മുസ്‌ലിം, ക്രിസ്ത്യൻ, സിഖ് ഉൾപ്പെടെയുള്ള ഹിന്ദു ഇതര വിഭാഗങ്ങൾക്കിടയിൽ ശ്രദ്ധകേന്ദ്രീകരിക്കാൻ പ്രവർത്തകർക്ക് ആഹ്വാനവുമായി ആർ.എസ്.എസ് തലവൻ മോഹൻ ഭാഗവത്. മസ്ജിദുകളും ചർച്ചുകളും ഗുരുദ്വാരകളും സന്ദർശിക്കാനും നിർദേശമുണ്ട്. ഹിന്ദുക്കളെ മാത്രമല്ല, എല്ലാവരെയും ഉൾക്കൊള്ളുന്നതാണ് പാർട്ടിയെന്ന മതിപ്പുണ്ടാക്കാൻ അതിനായി അവർക്കിടയിലേക്ക് ഇറങ്ങണമെന്നും ഭാഗവത് പറഞ്ഞു.

യു.പി ലഖ്നൗവിലെ സരസ്വതി ശിശുമന്ദിരത്തിൽ നടന്ന ആർ.എസ്.എസ് പ്രചാരകുമാരുടെ ത്രിദിന ക്യാംപിന്റെ സമാപനത്തിൽ സംസാരിക്കുകയായിരുന്നു മോഹൻ ഭാഗവത്. ക്യാംപിന്റെ ഭാഗമായി നടന്ന സാമാജിക് സദ്ഭാവ് യോഗത്തിലെ തീരുമാനമാണു സമാപനത്തിൽ ഭാഗവത് പ്രഖ്യാപിച്ചത്.

ഇതാദ്യമായാണ് ഹിന്ദു ഇതര വിഭാഗങ്ങൾക്കിടയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ആർ.എസ്.എസ് നേതൃതലത്തിൽനിന്നുള്ള ആഹ്വാനമുണ്ടാകുന്നത്. മറ്റു വിഭാഗങ്ങൾക്കിടയിൽ ഗൗരവത്തോടെയും സജീവമായും പ്രവർത്തിക്കാനുള്ള ആഹ്വാനമാണു വന്നിരിക്കുന്നതെന്നാണ് ഒരു മുതിർന്ന സംഘ് നേതാവ് വാർത്താ ഏജൻസിയായ 'ഐ.എ.എൻ.എസ്സി'നോട് പ്രതികരിച്ചത്. കുറച്ചുനാളായി സംഘ് പരിവാറിന് ഇത്തരമൊരു അജണ്ടയുണ്ട്.

പസ്മാന്ദ മുസ്‌ലിംകൾ അടക്കമുള്ളവർക്കിടയിൽ പ്രവർത്തിക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി തന്നെ നേരിട്ട് ബി.ജെ.പി പ്രവർത്തകരോട് നിർദേശിക്കുകയും ചെയ്തിട്ടുണ്ട്. രാഷ്ട്രീയ മുസ്‌ലിം മഞ്ച് എന്ന പേരിൽ പ്രത്യേക വിഭാഗവും പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇതരവിഭാഗങ്ങളെ വിശ്വാസത്തിലെടുക്കാനുള്ള രാഷ്ട്രീയ തീരുമാനം വരുന്നത് ഇതാദ്യമായാണ്.

ഇതോടൊപ്പം ദലിതുകൾക്കിടയിൽ പ്രവർത്തനം ശക്തമാക്കാനും നിർദേശം വന്നിട്ടുണ്ട്. സർക്കാർ ക്ഷേമപദ്ധതികൾ നേടിക്കൊടുക്കാനും സഹായിക്കണം. അവരുടെ പ്രശ്നങ്ങൾ കേട്ടു പരിഹാരമുണ്ടാക്കാൻ ശ്രമിക്കണം. ദലിത് ഭൂരിപക്ഷ മേഖലകളിൽ കൂടുതൽ ശാഖകൾ ആരംഭിക്കണം. സ്ത്രീകൾക്കു വേണ്ടി പ്രത്യേക സമ്മേളനങ്ങൾ നടത്താനും നിർദേശം വന്നിട്ടുണ്ട്.

ആർ.എസ്.എസ് ശതാബ്ദി പൂർത്തീകരിക്കാനിരിക്കെയാണ് ഇങ്ങനെയൊരു നിലപാടുമാറ്റമെന്നാണു രാഷ്ട്രീയനിരീക്ഷകർ വിലയിരുത്തുന്നത്. മോദി സർക്കാർ രണ്ടാം ഊഴം പൂർത്തിയാക്കാനുമിരിക്കുകയാണ്.

ഈ സാഹചര്യത്തിലാണ് ആർ.എസ്.എസ്സും ബി.ജെ.പിയും ഹിന്ദുക്കൾക്കു വേണ്ടി മാത്രമുള്ളതല്ലെന്നും എല്ലാവരെയും ഉൾക്കൊള്ളുന്ന പാർട്ടികളാണെന്നുമുള്ള ഒരു പൊതുബോധം സൃഷ്ടിക്കൽ ആവശ്യമാണെന്ന വിലയിരുത്തലുണ്ടാകുന്നത്.

നേതൃത്വത്തിന്റെ ആഹ്വാനം വന്നുകഴിഞ്ഞതിനാൽ പ്രവർത്തകർ ദൗത്യം ഏറ്റെടുത്ത് സജീവമായി രംഗത്തിറങ്ങുമെന്നാണ് ഒരു ആർ.എസ്.എസ് നേതാവ് പ്രതികരിച്ചത്.

# പൊലീസുകാരന്റെ അടിയേറ്റ് 55–കാരൻ മരിച്ചു

നാഗ്പൂർ: നാഗ്പൂരിൽ കാറിന്റെ ഹെഡ് ലൈറ്റിനെച്ചൊല്ലിയുള്ള തർക്കത്തിനിടെ സ്റ്റേറ്റ് റിസർവ് പൊലീസ് ഫോഴ്സ് (എസ്ആർപിഎഫ്) ഉദ്യോഗസ്ഥന്റെ അടിയേറ്റ് 54 കാരൻ മരിച്ചു. വ്യാഴാഴ്ച രാത്രിയാണ് സംഭവം നടന്നതെന്നാണ് പൊലീസ് പറയുന്നത്. മുരളീധർ രാംറോജി നെവാർ എന്നയാളാണ് കൊല്ലപ്പെട്ടത്.

പ്രതിയായ നിഖിൽ ഗുപ്ത (30) മാതാ മന്ദിർ എന്ന സ്ഥലത്ത് സഹോദരിയെ കാണാൻ എത്തിയതായിരുന്നു. കാർ പാർക്കു ചെയ്യുന്നതിനിടെ പ്രദേശവാസിയായ മുരളീധർ രാംറോജി നെവാറിന്റെ മുഖത്ത് ഹെഡ് ലൈറ്റ് പതിച്ചതാണ് പ്രശ്നങ്ങൾക്ക് തുടക്കം. ഹെഡ് ലൈറ്റ് ഒഴിവാക്കാൻ മുരളീധർ നിഖിലിനോട് ആവശ്യപ്പെട്ടു. ഇത് പ്രതിയായ നിഖിലിന് ഇഷ്ടമായില്ലെന്നും ഇതിനെച്ചൊല്ലി ഇരുവരും തമ്മിൽ വാക്കേറ്റമുണ്ടാകുകയും ചെയ്തെന്നും പൊലീസ് പറയുന്നു.

വാക്കേറ്റത്തിനിടയിൽ നിഖിൽ മുരളീധറിനെ ശക്തമായി അടിച്ചു. നിലത്തുവീണ ഇയാളെ ഉടൻ തന്നെ ആശുപത്രിയിലെത്തിച്ചു. ചികിത്സയിലിരിക്കെ ശനിയാഴ്ചയോടെ മുരളീധർ മരിക്കുകയായിരുന്നെന്ന് പൊലീസ് പറയുന്നു. പ്രതിയായ നിഖിൽ ഗുപ്തക്കെതിരെ മനപ്പൂർവമല്ലാത്ത നരഹത്യക്ക് പൊലീസ് കേസെടുത്തിട്ടുണ്ട്.

# ലോകത്തെ രണ്ടാമത്തെ വലിയ ക്ഷേത്രം അമേരിക്കയിൽ

ന്യൂഡൽഹി: അമേരിക്കയിലെ ഏറ്റവും വലിയ ക്ഷേത്രം അടുത്തമാസം വിശ്വാസികൾക്കായി തുറന്നുകൊടുക്കും. നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

ന്യൂ ജേഴ്സിയിലെ ടൈം സ്ക്വയറിന്റെ തെക്ക് 90 കിലോമീറ്റർ അകലെയാണ് ബിഎപിഎസ് സ്വാമിനാരായൺ അക്ഷർധാം ഉയരുന്നത്. ഒക്ടോബർ എട്ടിനാണ് ക്ഷേത്രത്തിന്റെ ഉദ്ഘാടനം നിശ്ചയിച്ചിരിക്കുന്നത്.

183 ഏക്കറിൽ പരന്ന് കിടക്കുന്ന ക്ഷേത്രം 12 വർഷം കൊണ്ടാണ് നിർമ്മിച്ചത്. അമേരിക്കയിലെ 12,500 സന്നദ്ധ പ്രവർത്തകരാണ് ക്ഷേത്ര നിർമ്മാണത്തിൽ പങ്കാളിയായത്.

കംബോഡിയയിലെ അങ്കോർ വാട്ട് ആണ് ലോകത്തിലെ ഏറ്റവും വലിയ ക്ഷേത്ര സമുച്ചയം. നിർമ്മാണം പൂർത്തിയാകുന്നതോടെ, ലോകത്തെ രണ്ടാമത്തെ വലിയ ക്ഷേത്രമായി അമേരിക്കയിലെ ബിഎപിഎസ് സ്വാമിനാരായൺ അക്ഷർധാം മാറും. ഡൽഹിയിലെ അക്ഷർധാം നൂറ് ഏക്കറിലാണ് പരന്ന് കിടക്കുന്നത്.

പ്രാചീന ഇന്ത്യൻ വാസ്തുവിദ്യ അനുസരിച്ചായിരുന്നു രൂപകൽപ്പന. ഇന്ത്യൻ സംഗീതോപകരണങ്ങളും നൃത്തരൂപങ്ങളും പതിനായിരത്തിലധികം പ്രതിമകളും കൊത്തുപണികളും ക്ഷേത്രത്തിലുണ്ട്. മുഖ്യ ക്ഷേത്രത്തിന് പുറമേ 12 ചെറിയ ക്ഷേത്രങ്ങളും അടങ്ങുന്നതാണ് ക്ഷേത്ര സമുച്ചയം.പരമ്പരാഗത ശിൽപ്പ വാസ്തുവിദ്യയുടെ ഏറ്റവും വലിയ ദീർഘവൃത്താകൃതിയിലുള്ള താഴികക്കുടവും ഇവിടെയുണ്ട്.

ചുണ്ണാമ്പുകല്ല്, ഗ്രാനൈറ്റ്, പിങ്ക് മണൽക്കല്ല്, മാർബിൾ എന്നിവയുൾപ്പെടെ ഏകദേശം രണ്ട് ദശലക്ഷം ക്യൂബിക് അടി കല്ലാണ് ഇതിന്റെ നിർമ്മാണത്തിനായി ഉപയോഗിച്ചത്. ഇന്ത്യ, തുർക്കി, ഗ്രീസ്, ഇറ്റലി, ചൈന എന്നിവയുൾപ്പെടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നാണ് അവ എത്തിച്ചത്. ലോകമെമ്പാടുമുള്ള 300ലധികം ജലാശയങ്ങളിൽ നിന്നുള്ള ജലമാണ് ക്ഷേത്രത്തിൽ, 'ബ്രഹ്മകുണ്ഡ്' എന്ന് വിളിക്കപ്പെടുന്ന പരമ്പരാഗത ശൈലിയിലുള്ള പടിക്കിണറിലുള്ളത്.

# ഒസിറിസ് റെക്സ് ദൗത്യം വിജയം; ഛിന്നഗ്രഹത്തിൽ നിന്ന് സാമ്പിൾ ശേഖരിച്ച് ഭൂമിയിലെത്തിച്ചു



വാഷിങ്ടൺ: ഛിന്നഗ്രഹത്തിൽ നിന്ന് സാമ്പിൾ ശേഖരിച്ച് ഭൂമിയിലെത്തിക്കാനുള്ള നാസയുടെ ആദ്യ ദൗത്യം വിജയിച്ചു.

ബെന്നു എന്ന ഛിന്നഗ്രഹത്തിൽ നിന്ന് ശേഖരിച്ച സാമ്പിളുകൾ ഭൂമിയിലെത്തിച്ചത്. ഇതോടെ നാസയുടെ ഒസൈറിസ് റെക്സ് ദൗത്യം വിജയകരമായി പൂർത്തിയാക്കി. ഞായറാഴ്ച രാത്രി 8.12ന് ആണ് സാമ്പിൾ റിട്ടേൺ കാപ്സ്യൂൾ ഭൗമാന്തരീക്ഷത്തിൽ പ്രവേശിച്ചത്. അതിവേഗം ഭൂമിയിലേക്ക് വീണുകൊണ്ടിരുന്ന പേടകത്തിന്റെ വേഗം ഡ്രോഗ് പാരച്യൂട്ട് വിന്യസിച്ച് നിയന്ത്രിച്ചു. 8.18ന് വലിയ പ്രധാന പാരച്യൂട്ട് ഉയരുകയും 8.23ന് കാപ്സ്യൂൾ സുരക്ഷിതമായി യൂട്ടാ മരുഭൂമിയിൽ വന്നിറങ്ങുകയും ചെയ്തു. ബെന്നുവിൽ നിന്ന് രണ്ട് വർഷം മുമ്പ് ശേഖരിച്ച പാറകളും മണ്ണും അടങ്ങുന്ന സാമ്പിളുകളാണ് കാപ്സ്യൂളിലുള്ളത്.

2016 സെപ്റ്റംബർ എട്ടിനാണ് ഒസൈറിസ് റെക്സ് ബഹിരാകാശ പേടകം വിക്ഷേപിച്ചത്. അറ്റ്ലസ് വി റോക്കറ്റിലായിരുന്നു വിക്ഷേപണം. 2018 ലാണ് ഒസൈറിസ് റെക്സ് ബെന്നുവിനെ ചുറ്റുന്ന ഭ്രമണ പഥത്തിലെത്തിയത്. ബെന്നുവിനെ ചുറ്റിക്കറങ്ങിയ പേടകം ഒരുമാസം കൊണ്ട് ബെന്നുവിന്റെ ആകൃതിയും പിണ്ഡവും സംബന്ധിച്ച അളവുകളെടുത്തു. ഒരു ബഹിരാകാശ പേടകം ചുറ്റിനിരീക്ഷിച്ച ഏറ്റവും ചെറിയ ബഹിരാകാശ വസ്തുവാണ് ഒസൈറിസ് റെക്സ്. 2020ലാണ് ഒക്ടോബറിലാണ് ഒസൈറിസ് റെക്സ് ബെന്നുവിനെ തൊട്ടത്. ഛിന്നഗ്രഹത്തെ സ്പർശിച്ച് നിമിഷങ്ങൾക്കുള്ളിൽ തന്നെ പറന്നുയരുന്ന 'ടച്ച് ആൻഡ് ഗോ' ശൈലിയിലാണ് ദൗത്യം രൂപകൽപ്പന ചെയ്ത്.

ഒസിറിസ് റെക്സിന്റെ യാത്ര

ബെന്നുവിനെ തേടിയുള്ള നാസയുടെ യാത്ര ആരംഭിക്കുന്നത് ഏഴുവർഷംമുമ്പാണ്. ആറ് അത്യാധുനിക പരീക്ഷണ ഉപകരണങ്ങളുമായി 2016 സെപ്തംബർ എട്ടിനായിരുന്നു ഒസിറിസ് റെക്സ് വിക്ഷേപണം. 32.19 കോടി കിലോമീറ്റർ പിന്നിട്ട് 2020 ഒക്ടോബർ 20ന് പേടകം ബെന്നുവിലേക്ക് പാഞ്ഞടുത്ത് സാമ്പിൾ ശേഖരിച്ച് കുതിച്ചുയർന്നു. ഇടിയുടെ ആഘാതത്തിൽ പാറക്കഷണങ്ങളും പൊടിപടലങ്ങളും ചിതറിത്തെറിച്ചു. എട്ട് മീറ്ററിലധികമുള്ള ഗർത്തം രൂപപ്പെടുകയും ചെയ്തു.

പ്രത്യേക യന്ത്രക്കൈ ഉപയോഗിച്ചുള്ള സാമ്പിൾ ശേഖരണത്തിന്റെ തത്സമയ ദൃശ്യങ്ങൾ കൗതുകത്തോടെയാണ് അന്ന് ലോകം കണ്ടത്. ബെന്നുവിൽ ഇറങ്ങാതെയുള്ള ഈ സാങ്കേതിക വിദ്യക്ക് 'ടച്ച് ആൻഡ് ഗോ' എന്നായിരുന്നു പേര്. പരുന്തുകളും മറ്റും ഇരകളെ റാഞ്ചുന്നതുപോലെ യന്ത്രക്കൈയിലുള്ള ചെപ്പിലാണ് ബെന്നുവിൽനിന്നുള്ള പാറകളും ധൂളിയും ശേഖരിച്ചത്. പ്രതീക്ഷിച്ചതിനേക്കാൾ സാമ്പിൾ ശേഖരിക്കാനായി എന്നതും പ്രത്യേകത. സാമ്പിളടങ്ങിയ ക്യാപ്സ്യൂളുമായി ഒസിറിസ് റെക്സ് 2021 മെയ് 10നാണ് മടക്കയാത്ര ആരംഭിച്ചത്.

# മൂന്നു മാസമായി ലൈംഗിക പീഡനം; പിതാവിനെ 14കാരി വെടിവെച്ചു കൊന്നു

ഇസ്‌ലാമാബാദ്: ലൈംഗികമായി പീഡിപ്പിച്ച പിതാവിനെ പതിനാലുകാരി വെടിവെച്ചു കൊന്നു. പാകിസ്താനിലെ ലാഹോർ നഗരത്തിലെ ഗുജ്ജർപുര ഏരിയയിലാണ് സംഭവം.കഴിഞ്ഞ മൂന്ന് മാസമായി പിതാവ് ബിലാൽ ഖാൻ തന്നെ ബലാത്സംഗം ചെയ്യുകയായിരുന്നെന്ന് പെൺകുട്ടി പൊലീസിന് നൽകിയ മൊഴിയിൽ പറയുന്നു.

ശനിയാഴ്ച പുലർച്ചെ ആറു മണിയോടെയാണ് കൊല നടന്നത്. ബിലാൽ ഉറങ്ങുമ്പോൾ പെൺകുട്ടി പിസ്റ്റൾ ഉപയോഗിച്ച് കൊലപ്പെടുത്തുകയായിരുന്നു. വെടിയൊച്ച കേട്ടാണ് വീട്ടുകാർ എഴുന്നേറ്റത്. എന്താണ് സംഭവിച്ചതെന്ന് അവർക്ക് ആദ്യം മനസ്സിലായില്ല. സംഭവം അറിഞ്ഞപ്പോൾ അവർ പോലീസിനെ അറിയിക്കാതിരിക്കാൻ ശ്രമിച്ചു, ഒടുവിൽ ഉച്ചയോടെ അയൽക്കാരൻ വിവരമറിയിച്ചു.പെൺകുട്ടിയെയും അവളുടെ അമ്മയെയും സഹോദരനെയും അയൽവാസിയെയും സിവിൽ ലൈൻസ് പോലീസ് സൂപ്രണ്ട് ഹസൻ ഭാട്ടി ഉൾപ്പെടെയുള്ള മുതിർന്ന പൊലീസ് ഉദ്യോഗസ്ഥർ സംഭവസ്ഥലത്തെത്തി പിടികൂടുകയായിരുന്നു.

'താൻ നരകത്തിലൂടെയാണ് പോകുന്നതെന്നും ബലാത്സംഗം ചെയ്ത പിതാവിനെ കൊല്ലാൻ തീരുമാനിച്ചെന്നും അതിനാൽ വെടിവെച്ച് കൊലപ്പെടുത്തുകയായിരുന്നുവെന്നും അവൾ പറഞ്ഞു,' കേസ് അന്വേഷിക്കുന്ന സൊഹൈൽ കാസ്മി പറഞ്ഞു. പിതാവ് സംഭവസ്ഥലത്തു വച്ചു തന്നെ മരിച്ചു. എല്ലാ വശങ്ങളും പരിശോധിച്ച ശേഷം പ്രതിക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുമെന്നും ഉദ്യോഗസ്ഥർ പറഞ്ഞു.

പ്രായപൂർത്തിയാകാത്ത മകളെ ബലാത്സംഗം ചെയ്തതിന് പാകിസ്താൻ കോടതി മറ്റൊരാൾക്ക് വെള്ളിയാഴ്ച വധശിക്ഷ വിധിച്ചതിന് തൊട്ടുപിന്നാലെയാണ് പുതിയ സംഭവം റിപ്പോർട്ട് ചെയ്തത്. എം. റഫീക്കിനാണ് അഡീഷണൽ സെഷൻസ് ജഡ്ജി മിയാൻ ഷാഹിദ് ജാവേദ് വധശിക്ഷ വിധിച്ചത്. "ഒരു പിതാവ് എപ്പോഴും തൻറെ കുട്ടികളുടെ രക്ഷാധികാരിയായി കണക്കാക്കപ്പെടുന്നു. കൂടാതെ വീടിന് പുറത്ത് കുട്ടിയെ ആരെങ്കിലും ഉപദ്രവിച്ചാൽ അവൾ പിതാവിലാണ് അഭയം പ്രാപിക്കുന്നത്.

എന്നാൽ ഈ സംഭവത്തിൽ പിതാവ് തന്നെയാണ് കുറ്റം ചെയ്തത്. പ്രായപൂർത്തിയാകാത്ത സ്വന്തം മകളുടെ വ്യക്തിത്വത്തെയും ആത്മാവിനെയും ശരീരത്തെയും നശിപ്പിച്ചു.മകൾക്ക് മാനസികാഘാതമുണ്ടാക്കി" കോടതി പറഞ്ഞു.

## ബീഫ് കടത്താൻ ശ്രമം, കാർ കത്തിച്ചു, കർണാടകയിൽ 21 പേർ അറസ്റ്റിൽ

ബംഗളൂരു: ബീഫ് കടത്തിയ സംഭവത്തിൽ കർണാടകയിൽ ഏഴ് പേർ അറസ്റ്റിൽ. ബീഫ് കടത്തിയവരുടെ കാർ കത്തിച്ച സംഭവത്തിൽ ശ്രീരാമ സേനയുടെ 14 പേരും പിടിയിലായി.

ബീഫ് കടത്താൻ ഉപയോഗിച്ച അഞ്ച് വാഹനങ്ങൾ പൊലീസ് പിടിച്ചെടുത്തു. ബീഫ് കടത്തിനു സഹായിച്ചവരെ കണ്ടെത്താൻ അന്വേഷണം തുടരുകയാണെന്നു പൊലീസ് പറഞ്ഞു.

ഇന്ന് പുലർച്ചെയാണ് സംഭവം. ആന്ധ്രയിലെ ഹിന്ദുപുരിൽ നിന്നു ബംഗളൂരുവിലേക്ക് ബീഫ് കയറ്റി വരികയായിരുന്ന അഞ്ച് മിനി ട്രക്കുകളും കാറും ദൊഡ്ഡബല്ലാപുരയിൽ വച്ച് ശ്രീരാമ സേനാ പ്രവർത്തകർ തടയുകയായിരുന്നു. വാഹനത്തിലുണ്ടായിരുന്നവരെ ആക്രമിച്ചാണ് സംഘം കാർ കത്തിച്ചത്.

കർണാടകയിൽ പശു, കാള, എരുമ, പോത്ത് എന്നിവയെ കശാപ്പു ചെയ്യുന്നതിനു വിലക്കുണ്ട്. ബിജെപി സർക്കാർ 2020ലാണ് നിരോധനം ഏർപ്പെടുത്തിയത്.

ബീഫ് കടത്തിയതിനും കാർ കത്തിച്ചതിനും കേസ് രേഖപ്പെടുത്തിയതായി പൊലീസ് വ്യക്തമാക്കി. രണ്ട് സംഭവങ്ങളിലുമായി 21 പേർ അറസ്റ്റിലായെന്നും പൊലീസ് വ്യക്തമാക്കി.

# മണിപ്പൂർ കലാപം: അവകാശികളില്ലാത്ത മൃതദേഹങ്ങൾ ബഹുമാനപൂർവം ദഹിപ്പിക്കണം; സുപ്രിംകോടതി സമിതി

ന്യൂഡൽഹി: മണിപ്പൂർ കലാപത്തിൽ കൊല്ലപ്പെട്ട അവകാശികളില്ലാത്തവരുടെ മൃതദേഹം ബഹുമാനപൂർവം ദഹിപ്പിക്കണമെന്ന് സുപ്രിംകോടതി സമിതി. ആദ്യം മോർച്ചറികളിലുള്ള മൃതദേഹങ്ങളുടെ പട്ടിക പരസ്യപ്പെടുത്തണം. അവകാശികൾ വന്നില്ലെങ്കിൽ സർക്കാർ നേതൃത്വം കൊടുത്ത് ദഹിപ്പിക്കണമെന്നും സുപ്രിംകോടതി നിയോഗിച്ച മൂന്നംഗ സമിതി നിർദേശിച്ചു. 96 മൃതദേഹങ്ങളാണ് അവകാശികളില്ലാതെ കിടക്കുന്നത്.

ഈ വർഷം മേയിൽ തുടങ്ങിയ കലാപത്തിൽ ഏകദേശം 175 ലധികം പേർ കൊല്ലപ്പെട്ടെന്നാണ് മണിപ്പൂർ പൊലീസ് പറയുന്നത്. കൊല്ലപ്പെട്ടവരിൽ പകുതിയിലധികം പേരെ ഇനിയും തിരിച്ചറിഞ്ഞിട്ടില്ലെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.മണിപ്പൂരിലെ അക്രമ സംഭവങ്ങളുടെ മാനുഷിക വശങ്ങൾ പരിശോധിക്കാൻ റിട്ട. ജമ്മു കശ്മീർ ഹൈക്കോടതി ചീഫ് ജസ്റ്റിസ് ഗീതാ മിത്തലിന്റെ നേതൃത്വത്തിൽ മൂന്നംഗ സമിതിയെ സുപ്രിംകോടതി കഴിഞ്ഞ മാസം രൂപീകരിച്ചിരുന്നു. ഈ സമിതിയാണ് പുതിയ നിർദേശം പുറപ്പെടുവിച്ചിരിക്കുന്നത്. കലാപത്തിൽ മരിച്ചവരുടെ പട്ടിക സംസ്ഥാന സർക്കാർ പ്രസിദ്ധീകരിച്ച് അടുത്ത ബന്ധുക്കളെ കണ്ടെത്താനുള്ള ശ്രമങ്ങൾ നടത്തുക എന്നതാണ് മൂന്നംഗ സമിതിയുടെ പ്രധാന നിർദേശം. ഈ ശ്രമങ്ങൾ പരാജയപ്പെട്ടാൽ മാന്യമായ രീതിയിൽ സംസ്കരിക്കണമെന്നും സമിതി നിർദേശിച്ചിട്ടുണ്ട്.

കലാപത്തിന്റെ ആദ്യ ദിവസങ്ങളിൽ കൊല്ലപ്പെട്ട പലരുടെയും മൃതദേഹങ്ങൾ ഇംഫാലിലെ ജെ.എൻ.ഐ.എം.എസ്, ആർ.ഐ.എം,എസ് ആശുപത്രി, ചുരാചന്ദ്പൂർ ജില്ലാ ആശുപത്രി എന്നിവയുടെ മോർച്ചറികളിലാണ് സൂക്ഷിച്ചിരിക്കുന്നത്

## ഭാര്യയെ കൂട്ടബലാത്സംഗം ചെയ്തു; ദമ്പതികൾ വിഷം കഴിച്ചു മരിച്ചു

ലക്നൗ: ഭാര്യ കൂട്ടബലാത്സംഗത്തിന് ഇരയായതിന് പിന്നാലെ ദമ്പതികൾ വിഷം കഴിച്ചു മരിച്ചു. യുപിയിലെ ബസ്തിയിലാണ് സംഭവം. സംഭവത്തിൽ രണ്ട് പേരെ പൊലീസ് അറസ്റ്റ് ചെയ്തു. ആദർശ്(25), ത്രിലോകി (45) എന്നിവരെയാണ് പൊലീസ് അറസ്റ്റ് ചെയ്തത്.

പ്രതികളും ദമ്പതികളും തമ്മിൽ സ്ഥലം വിൽക്കുന്നതുമായി ബന്ധപ്പെട്ട് തർക്കം നില നിന്നിരുന്നു. ഇതിന്റെ വൈരാഗ്യത്തിലാണ് പ്രതികൾ വീടു കയറി ആക്രമിച്ചതെന്നാണ് പൊലീസ് അറിയിച്ചത് സെപ്റ്റംബർ 21 രാത്രി പ്രതികൾ വീട്ടിൽ അതിക്രമിച്ചു കയറുകളും ഭാര്യയെ കൂട്ടബലാത്സംഗത്തിന് ഇരയാക്കുകയുമായിരുന്നു.

വിഷം കഴിക്കുന്നതിന് മുൻപ ദമ്പതികൾ വിഡിയോ ചെയ്തിരുന്നു. അതിൽ പ്രതികളെ കുറിച്ച് അറിയിച്ചിരുന്നു. വിഷം കഴിച്ച വിവരം ദമ്പതികൾ കുട്ടികളോടും പറഞ്ഞിരുന്നു. ഇരുവരെയും ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

# ബി.എഡിന് അംഗീകാരം ഇല്ല; ബഹ്റൈനിലെ നിരവധി ഇന്ത്യൻ അധ്യാപകരുടെ ജോലി നഷ്ടമായി, അറസ്റ്റ്

മനാമ: സർട്ടിഫിക്കേറ്റ് പരിശോധനയിൽ ഇന്ത്യയിൽ നിന്ന് ബി.എഡ് പഠനം നടത്തിയ പലർക്കും ജോലി നഷ്ടമായതായി റിപ്പോർട്ട്. ഇന്ത്യയിലെ പല സർവകലാശാലകളിൽ നിന്നു ബി.എഡ് പൂർത്തിയാക്കി ബഹ്റൈനിലെ സ്കൂളുകളിൽ ജോലി ചെയ്ത് വന്നവർക്കാണ് സർട്ടിഫിക്കേറ്റ് യോഗ്യതയില്ലാത്തത് കാരണം ജോലി നഷ്ടമായത്. വ്യാജ സർട്ടിഫിക്കറ്റ് നൽകി ജോലി നേടിയെന്നാരോപിച്ച് ചില അധ്യാപകരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

ബിരുദവും, ബിരുദാനന്തര ബിരുദവും, ബി.എഡും പൂർത്തിയാക്കിയ പല അധ്യാപകരുടെയും സർട്ടിഫിക്കറ്റുകളാണ് മന്ത്രാലയത്തിന്റെ പരിശോധനയിൽ അയോഗ്യമാണെന്ന് കണ്ടെത്തിയത്. ബഹ്റൈനിലെ സ്കൂളുകളിൽ വർഷങ്ങൾക്ക് മുൻപ് ജോലിക്ക് ചേർന്നവരുടെ സർട്ടിഫിക്കറ്റുകൾ പോലും അയോഗ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. മുൻപ് അംഗീകാരമുണ്ടായിരുന്ന പല യൂണിവേഴ്സിറ്റികൾക്കും ഇപ്പോൾ അംഗീകാരം ഇല്ലാതായതാണ് ജോലി ചെയ്തുകൊണ്ടിരുന്ന അധ്യാപകർക്ക് വിനയായത് എന്നാണ് കരുതുന്നത്. ഇന്ത്യയിലെ ചില സർവകലാശാലകളുടെ ബിഎഡ് കോഴ്സുകൾ പലതും രാജ്യാന്തര തലത്തിൽ യോഗ്യതയുള്ളതല്ല.

രാജ്യാന്തര ഏജൻസിയായ ക്വാഡ്രാബേ വഴിയാണ് ബഹ്റൈൻ സർട്ടിഫിക്കറ്റ് പരിശോധന നടത്തുന്നത്. സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്ത ശേഷം അതിന്റെ ഫലം ഉറപ്പാക്കണമെന്ന നിബന്ധന ബഹ്റൈൻ മന്ത്രാലയം സ്കൂളുകൾക്ക് നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിലാണ് പല ഇന്ത്യൻ സർട്ടിഫിക്കറ്റും അയോഗ്യതയുള്ളതായി മാറിയത്.

സ്വന്തം ചെലവിൽ ക്വാഡ്രാബേയിൽ സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യുകയാണ് വേണ്ടത്. ഭൂരിപക്ഷം അധ്യാപകരും അവരുടെ ഒറിജിനൽ സർട്ടിഫിക്കറ്റുകൾ ക്വാഡ്രാബേയിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. ഒരു സർട്ടിഫിക്കറ്റിന് 27 ദിനാർ വീതമാണ് പരിശോധനയ്ക്കായി ഓരോ അധ്യാപകരും നൽകേണ്ടത്. രണ്ടോ മൂന്നോ ആഴ്ചകൾക്ക് ശേഷമാണ് ഫലം ലഭിക്കുക.

## ഗൾഫ്–കേരള കപ്പൽ സർവീസ്; അനുഭാവപൂർണമായ നടപടി സ്വീകരിക്കുമെന്ന് കേന്ദ്രം

ഷാർജ: കേരളത്തിലേക്ക് ഗൾഫിൽ നിന്ന് കപ്പൽ സർവീസ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് അനുഭാവപൂർണമായ നടപടി സ്വീകരിക്കുമെന്ന് കേന്ദ്രം. തുറമുഖ ഷിപ്പിങ് ജലഗതാഗത സഹമന്ത്രി സർബനന്ദ സോനോവലാണ് ഇക്കാര്യം അറിയിച്ചത്. ഡൽഹിയിൽ ഷാർജ ഇന്ത്യൻ അസോസിയേഷൻ സാരഥികളുമായി നടന്ന ചർച്ചയിലാണ് മന്ത്രിയുടെ പ്രതികരണം.കൊച്ചി ഉൾപ്പെടെ കേരളത്തിലെ രണ്ടിടങ്ങളിലേക്ക് യു.എ.ഇയിൽ നിന്ന് ഡിസംബറിൽ യാത്രാകപ്പൽ ആരംഭിക്കാൻ സംസ്ഥാന സർക്കാർ നീക്കം ആരംഭിച്ചിരുന്നു. കേന്ദ്രാനുമതിയില്ലാതെ കപ്പൽ സർവീസ് യാഥാർഥ്യമാകില്ലെന്ന സാഹചര്യത്തിലാണ് ഷാർജ ഇന്ത്യൻ അസോസിയേഷൻ മുൻകൈയെടുത്ത് കേന്ദ്രമന്ത്രിയുമായി ചർച്ച നടത്തിയത്. ഷാർജ ഇന്ത്യൻ അസോസിയേഷൻ പ്രസിഡൻറ് അഡ്വ. വൈഎ റഹീം, ജനറൽ സെക്രട്ടറി ടി.വി നസീർ ട്രഷറർ ശ്രീനാഥ് കാടഞ്ചേരി എന്നിവർക്കു പുറമെ എം.പി എ.എം ആരിഫും ചർച്ചയിൽ പങ്കെടുത്തു. പതിനെട്ട് എംപിമാർ ഒപ്പുവെച്ച നിവേദനവും സംഘം കേന്ദ്രമന്ത്രിക്ക് കൈമാറി.

സീസൺ വേളയിലും മറ്റും നാട്ടിലേക്കുള്ള വിമാനനിരക്ക് കുത്തനെ ഉയരുന്ന സാഹചര്യത്തിൽ ബദൽ യാത്രാ സംവിധാനങ്ങൾ അനിവാര്യമാണെന്ന് സംഘം കേന്ദ്ര മന്ത്രിയെ ധരിപ്പിച്ചു. കുറഞ്ഞ നിരക്കിൽ പ്രവാസികൾക്ക് നാട്ടിലെത്തി മടങ്ങാൻ യാത്രാ കപ്പൽ സർവീസ് ഉപകരിക്കുമെങ്കിൽ അക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കാൻ സന്നദ്ധമാണെന്ന് കേന്ദ്ര മന്ത്രി അറിയിച്ചതായി സംഘം വ്യക്തമാക്കി.



ഗോൾ നേടിയ സുനിൽ ഛേത്രിയുടെ ആഹ്ലാദം

# ഏഷ്യൻ ഗെയിംസ്; മ്യാൻമറുമായി സമനില; പുരുഷ ഫുട്ബോളിൽ ഇന്ത്യ പ്രീ ക്വാർട്ടറിൽ

ഹാങ്ചൗ: ഏഷ്യൻ ഗെയിംസ് പുരുഷ ഫുട്ബോളിൽ ഇന്ത്യ പ്രീ ക്വീർട്ടറിൽ. മ്യാൻമറിനെതിരായ പോരാട്ടം സമനിലയിൽ അവസാനിച്ചതോടെയാണ് ഇന്ത്യയുടെ മുന്നേറ്റം.

13 വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് ഇന്ത്യ നോക്കൗട്ടിലേക്ക് കടക്കുന്നത്. അവസാന 16ൽ കരുത്തരായ സൗദി ആറേബ്യയാണ് എതിരാളികൾ. ആദ്യ മത്സരത്തിൽ ഇന്ത്യ 1-5ന്റെ ദയനീയ തോൽവി ചൈനയോടു നേരിട്ടിരുന്നു. രണ്ടാം പോരാട്ടത്തിൽ ഇന്ത്യ ബംഗ്ലാദേശിനെ 1-0ത്തിനു കീഴടക്കി. പിന്നാലെയാണ് മൂന്നാം പോരിൽ സമനില. ഗ്രൂപ്പ് എയിൽ രണ്ടാം സ്ഥാനക്കാരായാണ് ഇന്ത്യ പ്രീ ക്വാർട്ടർ ഉറപ്പിച്ചത്. ആദ്യ പകുതിയിൽ സുനിൽ ഛേത്രിയുടെ പെനാൽറ്റി ഗോളിൽ ഇന്ത്യ മുന്നിൽ കടന്നു. എന്നാൽ പൊരുതി കയറി മ്യാൻമർ രണ്ടാം പകുതിയിൽ സമനില പിടിച്ചു. കളിയുടെ 23ാം മിനിറ്റിലാണ് ഇന്ത്യക്ക് അനുകൂലമായി പെനാൽറ്റി കിട്ടിയത്. മ്യാൻമറിന്റെ സമനില ഗോൾ 74ാം വന്നു.

ക്യോ ഹെയാണ് വല ചലിപ്പിച്ചത്. അവസാന ഘട്ടത്തിൽ ഇന്ത്യക്ക് രണ്ട് മികച്ച അവസരങ്ങൾ ലഭിച്ചെങ്കിലും ലക്ഷ്യം കണ്ടില്ല.

## പുരുഷ ഹോക്കിയിൽ ഹാട്രിക് വർഷം

ഹാങ്ചോ: സുവർണ പ്രതീക്ഷയോടെ എത്തിയ ഇന്ത്യൻ ഹോക്കി ടീം ഗോൾവർഷത്തോടെ തുടങ്ങി. പുരുഷ ഹോക്കിയിൽ ലോക മൂന്നാം നമ്പർ ടീമായ ഇന്ത്യ ആദ്യ പൂൾ മത്സരത്തിൽ, 66ാം സ്ഥാനക്കാരായ ഉസ്ബെക്കിസ്ഥാനെ 16 /0ന് തകർത്തു. ക്യാപ്റ്റൻ ഹർമൻപ്രീതിന് വിശ്രമമനുവദിച്ച മത്സരത്തിൽ ലളിത് ഉപാധ്യായ, വരുൺകുമാർ, മൻദീപ് സിങ് എന്നിവർ ഹാട്രിക്കുകളുമായി തിളങ്ങി.

ലളിത്(7, 24, 37, 53 മിനിറ്റുകൾ), വരുൺ(12, 36,50. 52) എന്നിവർ 4 ഗോളുകൾ വീതവും മൻദീപ (18, 27, 28) 3 ഗോളും നേടി. അഭിഷേക് (17), അമിത് രോഹിദാസ് (38), സുഖ്ജീത്(42), ഷംഷേർ സിങ്(43), സഞ്ജയ്(57) എന്നിവരും സ്കോർപട്ടികയിൽ സ്ഥാനം പിടിച്ചു. നാളെ നടക്കുന്ന അടുത്ത പൂൾ മത്സരത്തിൽ സിംഗപ്പൂരാണ് ഇന്ത്യയുടെ എതിരാളികൾ.

7ാം മിനിറ്റിൽ ലളിത് ഗോൾവേട്ട തുടങ്ങിയതിനു പിന്നാലെ ഇന്ത്യയുടെ സമ്പൂർണ ആധിപത്യമായിരുന്നു. അതേസമയം, ആകെ നേടിയ 14 പെനൽറ്റി കോർണറുകളൽ അഞ്ചെണ്ണം മാത്രമേ ഇന്ത്യയ്ക്കു ലക്ഷ്യത്തിലെത്തിക്കാൻ കഴിഞ്ഞുള്ളൂ. എന്നാൽ, മധ്യനിരയും മുൻനിരയും ഒത്തിണക്കത്തോടെ 10 ഗോളുകൾ നേടിയത് കോച്ച് ക്രെയ്ഗ് ഫുൾട്ടന് ആശ്വാസമാകും. അവസാനത്തെ 2 ക്വാർട്ടറുകളിൽ ഇന്ത്യ നേടിയത് 9 ഗോളുകളാണ്. ഇവയിൽ നാലെണ്ണം പെനൽറ്റി കോർണറുകളിൽ നിന്നാണ്.



ജയം ആഘോഷിക്കുന്ന അത്‌ലറ്റിക്കോ താരങ്ങൾ

# മാഡ്രിഡ് നാട്ടങ്കത്തിൽ അത്‌ലറ്റിക്കോ; റയലിനു സീസണിലെ ആദ്യ തോൽവി

മാഡ്രിഡ്: മാഡ്രിഡ് നാട്ടങ്കത്തിൽ വിജയം സ്വന്തമാക്കി അത്‌ലറ്റിക്കോ മാഡ്രിഡ്. റയലിനെ സീസണിലെ ആദ്യ തോൽവിയിലേക്കു അവർ തള്ളിയിട്ടു. ഒന്നിനെതിരെ മൂന്ന് ഗോളുകൾക്കാണ് അത്‌ലറ്റിക്കോയുടെ ജയം.

ആൽവരോ മൊറാറ്റയുടെ ഇരട്ട ഗോളുകളും അന്റോയിൻ ഗ്രീസ്മാൻ നേടിയ ഒരു ഗോളുമാണ് അത്‌ലറ്റിക്കോയുടെ വിജയം നിർണയിച്ചത്. റയലിന്റെ ആശ്വാസ ഗോൾ ടോണി ക്രൂസ് നേടി.

മത്സരത്തിൽ പിറന്ന നാല് ഗോളുകളും ആദ്യ പകുതിയിൽ തന്നെ വന്നു. നാലാം മിനിറ്റിൽ ടീമിനെ മുന്നിലെത്തിച്ച മൊറാറ്റ ആദ്യ പകുതിയുടെ ഇഞ്ചുറി ടൈമിൽ രണ്ടാം ഗോളും മൊറാറ്റ വലയിലിട്ടു. അതിനിടെ 18ാം മിനിറ്റിലാണ് ഗ്രിസ്മാൻ വല ചലിപ്പിച്ചത്.

സീസണിൽ ആദ്യ തോൽവി നേരിട്ട റയൽ 15 പോയിന്റുമായി മൂന്നാം സ്ഥാനത്ത്. ആറ് കളിയിൽ നിന്നു 16 പോയിന്റുമായി ബാഴ്സലോണ ഒന്നാമത്. പത്ത് പോയിന്റുമായി അത്‌ലറ്റിക്കോ മാഡ്രിഡ് അഞ്ചാമത്.

## മോട്ടോ ജിപി ഭാരത് ഗ്രാൻപ്രിയിൽ മാർക്കോ ബെസേച്ചിക്കു കിരീടം

ന്യൂഡൽഹി: അതിവേഗത്തിന്റെ ട്രാക്കിൽ വിജയം ഇറ്റാലിയൻ താരം മാർക്കോ ബെസേച്ചിക്കു സ്വന്തം. ഗ്രേറ്റർ നോയിഡയിലെ ബുദ്ധ് ഇന്റർനാഷനൽ സർക്യൂട്ടിൽ നടന്ന മോട്ടോജിപി ഭാരത് ഗ്രാൻപ്രിയിൽ അരങ്ങേറിയത് ആവേശക്കാഴ്ചകൾ. തുടക്കം മുതൽ ലീഡ് നിലനിർത്തിയാണു വിആർ 46 ടീമിന്റെ മാർക്കോ ബെസേച്ചി ജേതാവായത്.

പ്രൈമ പ്രമാക് റേസിങ്ങിന്റെ സ്പാനിഷ് റൈഡർ ഓർഗേ മാർട്ടിനാണു രണ്ടാം സ്ഥാനത്ത്. മോൺസ്റ്റർ എനർജി ടീമിന്റെ ഫ്രാൻസിൽ നിന്നുള്ള റൈഡർ ഫാബിയോ ക്വാർടറാറോ മൂന്നാം സ്ഥാനത്തെത്തി. 36 മിനിറ്റ് 59.157 സെക്കൻഡിൽ റേസ് പൂർത്തിയാക്കിയ ബെസേച്ചിയുടെ സീസണിലെ മൂന്നാം വിജയമാണിത്.

ചാംപ്യൻഷിപ്പിൽ ഒന്നാമതുണ്ടായിരുന്ന ഡ്യുക്കാട്ടിയുടെ സൂപ്പർ താരം ഫ്രാൻസെസ്കോ ബഗ്നായ അപകടത്തെത്തുടർന്നു പിൻമാറുന്നതിനും ബുദ്ധ് സർക്യൂട്ട് സാക്ഷ്യം വഹിച്ചു. 5.125 കിലോമീറ്ററുള്ള അതിവേഗ ട്രാക്കിലെ 13 കൊടുംവളവുകൾ റൈഡർമാർക്കു കടുത്ത വെല്ലുവിളിയായിരുന്നു. ഇത്തരമൊരു വളവിലാണു ബഗ്നായയ്ക്കു പിഴച്ചത്. റേസിൽ പ്രകടനം പ്രതീക്ഷിച്ചതു പോലെയായില്ലെങ്കിലും 292 പോയിന്റുമായി ബഗ്നായയാണു മോട്ടോ ജിപിയിൽ മുന്നിൽ. മാർട്ടിൻ 279 പോയിന്റുമായി രണ്ടാമതുണ്ട്. ബെസേച്ചി 248 പോയിന്റുമായി മൂന്നാമതും.

ബുദ്ധ് സർക്യൂട്ടിലെ ചൂടിനോടും പൊരുതിയാണു താരങ്ങൾ മത്സരം പൂർത്തിയാക്കിയത്. ചൂടിനെത്തുടർന്നു 24 ലാപ്പുകൾ എന്നതു 21 ആയി കുറച്ചിരുന്നു. ശനിയാഴ്ച നടന്ന സ്പ്രിന്റ് റേസിലെ ആദ്യ ലാപ്പിൽ അപകടമുണ്ടായെങ്കിലും ബെസേച്ചി അഞ്ചാമതായി റേസ് പൂർത്തിയാക്കിയിരുന്നു. ഇതു തനിക്കു പാഠമായി മാറിയെന്നും ചൂടുൾപ്പെടെ വലച്ചുവെങ്കിലും ബൈക്കിൽ തികഞ്ഞ ആത്മവിശ്വാസത്തിലായിരുന്നു താനെന്നും മത്സരശേഷം ബെസേച്ചി പ്രതികരിച്ചു.

ഫോർമുല വൺ കാറോട്ട മത്സരങ്ങളുടെ വേദിയായിരുന്ന ബുദ്ധ് സർക്യൂട്ട് മോട്ടോ ജിപിക്കു വേണ്ടി പ്രത്യേകം സജ്ജീകരിക്കുകയായിരുന്നു. 20 റേസുള്ള മോട്ടോജിപിയുടെ 13ാം റേസാണ് ഇന്ത്യയിൽ നടന്നത്. ഭാരത് ഗ്രാൻപ്രിക്കു വേണ്ടി ഇന്ത്യൻ റേസ് പ്രമോട്ടർമാരായ ഫെയർസ്ട്രീറ്റ് സ്പോർട്സുമായി മോട്ടോജിപി സംഘാടകർ 7 വർഷത്തേക്കാണു കരാറായിരിക്കുന്നത്.

# 'ഉന്നം പൊന്നാക്കി ഇന്ത്യ'

## ഏഷ്യൻ ഗെയിംസ് ഷൂട്ടിങിൽ ലോക റെക്കോർഡോടെ സ്വർണം

ഹാങ്ചൗ: ഏഷ്യൻ ഗെയിംസിൽ സ്വർണം സ്വന്തമാക്കി ഇന്ത്യ. ഷൂട്ടിങിൽ ലോക റെക്കോർഡോടെയാണ് ഇന്ത്യയുടെ സുവർണ നേട്ടം. പുരുഷൻമാരുടെ പത്ത് മീറ്റർ എയർ റൈഫിൾ വിഭാഗത്തിലാണ് ഇന്ത്യൻ ടീം ലോക റെക്കോർഡോടെ സ്വർണം വെടി വച്ചിട്ടത്. ഈ ഏഷ്യൻ ഗെയിംസ് പോരാട്ടത്തിലെ ഇന്ത്യയുടെ ആദ്യ സുവർണ നേട്ടം കൂടിയാണിത്.

ദിവ്യാൻഷ് സിങ് പൻവാർ, രുദ്രാംക്ഷ് ബാലാസഹേബ് പാട്ടീൽ, ഐശ്വരി പ്രതാപ് സിങ് തോമർ എന്നിവരടങ്ങിയ സംഘമാണ് ഇന്ത്യയുടെ അഭിമാനമായി മാറിയത്. രണ്ടാം ദിന പോരാട്ടത്തിന് സുവർണ നേട്ടത്തിന്റെ തിളക്കവുമായാണ് ഇന്ത്യ തുടക്കമിട്ടത്.

മൊത്തം 1893.7 പോയിന്റുകൾ നേടിയാണ് ഇന്ത്യൻ സംഘത്തിന്റെ മുന്നേറ്റം. മൂവരും ഇതേ വിഭാഗത്തിന്റെ വ്യക്തിഗത പോരാട്ടത്തിന്റെ ഫൈനലിലേക്കും മുന്നേറിയിട്ടുണ്ട്. ഈ വർഷം ഓഗസ്റ്റിൽ ഈ ഇനത്തിൽ ചൈന സ്ഥാപിച്ച ലോക റെക്കോർഡാണ് ഇന്ത്യ മറികടന്നത്.

രണ്ടാം ദിനത്തിൽ റോവിങിലും മെഡൽ നേട്ടം. പുരുഷ വിഭാഗം ടീം ഇനത്തിൽ ഇന്ത്യ വെങ്കലം നേടി. നാല് പേരടങ്ങിയ സംഘത്തിന്റെ പോരാട്ടത്തിലാണ് നേട്ടം. 6.10.81 സമയത്തിനുള്ളിൽ ഫിനിഷ് ചെയ്താണ് ഇന്ത്യൻ ടീം വെങ്കലം നേടിയത്.

നിലവിൽ ഒരു സ്വർണവും മൂന്ന് വീതം വെള്ളി, വെങ്കലം മെഡലുകളുമായി ഇന്ത്യയുടെ ബാഗിൽ മെഡലുകൾ ഏഴായി.



സ്വർണം നേടിയ ഇന്ത്യൻ ടീം

# ഓസ്ട്രേലിയയെ വീഴ്ത്തി ഏകദിന പരമ്പര നേടി ഇന്ത്യ

ഇൻഡോർ: ഓസ്ട്രേലിയക്ക് എതിരായ ഏകദിന പരമ്പര സ്വന്തമാക്കി ഇന്ത്യ. മൂന്ന് മത്സരങ്ങളടങ്ങിയ പരമ്പരയിൽ ഇന്ത്യ 2-0ത്തിനു മുന്നിൽ. രണ്ടാം ഏകദിനത്തിൽ തകർപ്പൻ ജയം സ്വന്തമാക്കി. മഴയെ തുടർന്നു ഡെക്ക്‌വർത്ത് ലൂയീസ് നിയമം അനുസരിച്ചു 99 റൺസിനാണ് ഇന്ത്യൻ ജയം.

പുതുക്കി തീരുമാനിച്ച വിജയ ലക്ഷ്യമായ 33 ഓവറിൽ 317 റൺസിലേക്ക് ബാറ്റ് വീശിയ ഓസ്ട്രേലിയയുടെ പോരാട്ടം 217 റൺസിൽ അവസാനിച്ചു.

മഴയെ തുടർന്നു രണ്ടാം തവണയും മത്സരം അൽപ്പനേരം നിർത്തിവച്ചു. പിന്നാലെയാണ് മത്സരം വീണ്ടും ആരംഭിച്ചത്. സമയം നഷ്ടമായതിനാൽ ഓസ്ട്രേലിയയുടെ വിജയ ലക്ഷ്യം 33 ഓവറിൽ 317 റൺസായി പുനർ നിർണയിച്ചു. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ നിശ്ചിത ഓവറിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 399 റൺസാണ് സ്വന്തമാക്കിയത്.

ഓസീസിനായി ഡേവിഡ് വാർണർ, സീൻ അബ്ബോട്ട് എന്നിവർ മാത്രമാണ് പൊരുതിയത്. ഇരുവരും അർധ സെഞ്ചുറി നേടി. വാർണർ 53 റൺസും അബ്ബോട്ട് 54 റൺസും എടുത്തു. മർനസ് ലെബുഷെയ്ൻ 27 റൺസും ജോഷ് ഹെയ്സൽവുഡ് 23 റൺസും എടുത്തു അൽപ്പം ക്രീസിൽ നിന്നു. മറ്റൊരാളും തിളങ്ങിയില്ല. കാമാറോൺ ഗ്രീൻ 19 റൺസുമായി മടങ്ങി. കളി തീരുമ്പോൾ സ്പെൻസർ ജോൺസൻ റണ്ണൊന്നുമില്ലാതെ പുറത്താകാതെ ക്രീസിൽ തുടർന്നു. ഇന്ത്യക്കായി അശ്വിൻ, ജഡേജ ദ്വയം മൂന്ന് വിക്കറ്റുകൾ വീഴ്ത്തി. പ്രസിദ്ധ് കൃഷ്ണ രണ്ടും വിക്കറ്റുകളും മുഹമ്മദ് ഷമി ഒരു വിക്കറ്റും എടുത്തു.



ആസ്ട്രേലിയക്കെതിരെയുള്ള വിജയ ശേഷം ഗ്രൗണ്ട് വിടുന്ന ഇന്ത്യൻ താരങ്ങൾ

ആദ്യം ബാറ്റ് ചെയ്ത് പടുകൂറ്റൻ സ്കോറാണ് ഇന്ത്യൻ ബാറ്റിങ് നിര കുറിച്ചത്. സെഞ്ചുറികളുമായി ശുഭ്മാൻ ഗില്ലും ശ്രേയസ് അയ്യരും തുടങ്ങി വച്ച വെടിക്കെട്ട് ക്യാപ്റ്റൻ കെഎൽ രാഹുൽ, സൂര്യകുമാർ യാദവ്, ഇഷാൻ കിഷൻ എന്നിവർ ഏറ്റെടുത്തതോടെ ഇന്ത്യ നിശ്ചിത ഓവറിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 399 റൺസ് ബോർഡിൽ ചേർത്തു.

കാമറൂൺ ഗ്രീൻ എറിഞ്ഞ ഒരോവറിൽ നാല് തുടർ സിക്സുകൾ പറത്തി സൂര്യകുമാർ യാദവ് ഗ്രൗണ്ടിൽ തീ പടർത്തി. വെറും 24 പന്തിലാണ് താരം അർധ സെഞ്ചുറി തികച്ചത്. 36 പന്തിൽ ആറ് വീതം സിക്സും ഫോറും സഹിതം സൂര്യ കുമാർ 77 റൺസുമായി പുറത്താകാതെ നിന്നു. കളി തീരുമ്പോൾ 13 റൺസുമായി രവീന്ദ്ര ജഡേജയും ക്രീസിൽ.

ഫോമിലേക്ക് തിരിച്ചെത്തിയ ശ്രേയസ് 90 പന്തിൽ 105 റൺസാണ് പടുത്തുയർത്തിയത്. 11 ഫോറും മൂന്ന് സിക്സും ഇന്നിങ്സിനു മാറ്റേകി. ഏകദിനത്തിൽ ശ്രേയസ് നേടുന്ന മൂന്നാം സെഞ്ചുറിയാണിത്. ശ്രേയസ് പുറത്തായതിനു പിന്നാലെ ശുഭ്മാൻ സെഞ്ചുറി തികച്ചു. താരത്തിന്റെ ആറാം ഏകദിന ശതകം. 93 പന്തിൽ ആറ് ഫോറും നാല് സിക്സും സഹിതം 101 റൺസെടുത്താണ് ഗില്ലിന്റെ സെഞ്ചുറി. ശ്രേയസ്- ഗിൽ സഖ്യം രണ്ടാം വിക്കറ്റിൽ 200 റൺസിന്റെ കൂട്ടുകെട്ടുണ്ടാക്കിയാണ് പിരിഞ്ഞത്.

രാഹുൽ 38 പന്തിൽ മൂന്ന് വീതം സിക്സും ഫോറും സഹിതം 52 റൺസ് കണ്ടെത്തി. ഇഷാൻ രണ്ട് വീതം സിക്സും ഫോറും സഹിതം 18 പന്തിൽ 31 റൺസെടുത്തു. ഓപ്പണർ ഋതുരാജ് ഗെയ്ക്വാദാണ് ആദ്യം പുറത്തായത്. 12 പന്തിൽ എട്ട് റൺസാണ് താരം നേടിയത്. ജോഷ് ഹെയ്സൽവുഡാണ് ഋതുരാജിനെ മടക്കിയത്. രണ്ടാം വിക്കറ്റ് ഇന്ത്യക്ക് 216 റൺസിൽ നിൽക്കെയാണ് നഷ്ടമായത്. ശ്രേയസിനെ സീൻ അബ്ബോട്ട് മടക്കി. കാമറോൺ ഗ്രീൻ രണ്ട് വിക്കറ്റുകൾ എടുത്തു.

ടോസ് നേടി ഓസ്ട്രേലിയ ബൗളിങ് തിരഞ്ഞെടുത്തു. ഇടയ്ക്ക് മഴയെ തുടർന്നു അൽപ്പ നേരം കളി നിർത്തിവച്ചു. പിന്നീട് വീണ്ടും തുടങ്ങി. പാറ്റ് കമ്മിൻസ് കളിക്കാനിറങ്ങിയില്ല. സ്റ്റീവ് സ്മിത്താണ് ഓസീസിനെ നയിച്ചത്.


## 'എന്റെ കാലുകൾ നിർത്താൻ പറയുന്നതുവരെ ഞാൻ കളിക്കും'- ക്രിസ്റ്റ്യാനോ

ക്രിസ്റ്റ്യാനോ യുഗം അവസാനിച്ചെന്നും വിരമിക്കാൻ സമയമായെന്ന് പറയുന്നവർക്കുള്ള മറുപടിയായിരുന്നു കഴിഞ്ഞ ദിവസം അൽനസറിന് വേണ്ടിയുള്ള താരത്തിൻറെ പ്രകടനം.

ഇരട്ട ഗോളുകളാണ് ക്രിസ്റ്റ്യനോയുടെ ബൂട്ടിൽ നിന്ന് പിറന്നത്. അൽ അഹ്ലിക്കെതിരെ 4-3 ന്റെ ത്രസിപ്പിക്കുന്ന ജയവും അൽ നസർ സ്വന്തമാക്കി. മത്സര ശേഷം ക്രിസ്റ്റ്യാനോ പറഞ്ഞതാണ് ഇപ്പോൾ സമൂഹമാധ്യമങ്ങളിലെ ചർച്ചാ വിഷയം.

ഇനി കഴിയില്ലെന്ന് എപ്പോൾ എന്റെ കാലുകൾ പറയുന്നുവോ അത് വരെ കളി തുടരുമെന്നായിരുന്നു താരത്തിന്റെ വാക്കുകൾ. വിരമിക്കലിനെ കുറിച്ചുള്ള ചോദ്യങ്ങളോടായിരുന്നു ചിരിച്ചുകൊണ്ടുള്ള താരത്തിന്റെ മറുപടി.

താൻ ഇനി മറ്റൊരു ക്ലബ്ബിൽ കളിക്കില്ലെന്നും അൽ നസറാണ് തന്റെ അവസാനത്തെ ക്ലബ്ബെന്നും ക്രിസ്റ്റ്യാനോ പറഞ്ഞതായും ക്ലബ്ബ് വൃത്തങ്ങൾ പറയുന്നു. അൽനസറിനായി 33 മത്സരങ്ങളിൽനിന്നായി 29 ഗോളുകളാണ് നായകൻ അടിച്ചുകൂട്ടിയത്.



ക്ലബ്ബ് തലത്തിൽ 984 മത്സരങ്ങളിൽ നിന്ന് 730 ഉം രാജ്യാന്തര ഫുട്ബോളിൽ 201 മത്സരങ്ങളിൽ 123 ഗോളുകളും താരം സ്വന്തമാക്കിയിട്ടുണ്ട്. 2023 - 2024 സൗദി പ്രൊ ലീഗ് സീസണിൽ ഒമ്പത് ഗോളുമായി ക്രിസ്റ്റ്യാനോ തന്നെയാണ് ടോപ് സ്കോറർ സ്ഥാനത്തുള്ളത്.

ഇംഗ്ലീഷ് പ്രീമിയർ ലീഗ് വമ്പന്മാരായ മാഞ്ചസ്റ്റർ യുണൈറ്റഡിൽ നിന്നാണ് ക്രിസ്റ്റ്യാനോ റെക്കോഡ് തുകയ്ക്കാണ് അൽ നസ്റിലെത്തിയത്.

പ്രതിവർഷം 200 മില്യൺ (ഏകദേശം 1950 കോടി) യുഎസ് ഡോളറാണ് താരത്തിന്റെ പ്രതിഫലം. 2025 ജൂൺ 30 വരെയുള്ള കരാറിലാണ് താരം അൽ നസർ എഫ്സിയിൽ ചേക്കേറിയത്.

അതേസമയം സൗദി പ്രൊ ലീഗ് ക്ലബ്ബുമായുള്ള കരാർ അവസാനിക്കുമ്പോൾ താരം വിരമിക്കലിനായി തന്റെ ആദ്യകാല ക്ലബ്ബായ സ്പോർട്ടിംഗ് ലിസ്ബണിലേക്ക് തിരിച്ചെത്തിയേക്കും എന്ന അഭ്യൂഹം നിലനിൽക്കുന്നതിനിടെയാണ് ഇനിയൊരു ക്ലബ്ബ് മാറ്റമില്ലെന്ന് താരം അറിയിച്ചിരിക്കുന്നത്.

## തിരുവനന്തപുരം ഒരുങ്ങി; ദക്ഷിണാഫ്രിക്ക ക്രിക്കറ്റ് ടീം ഇന്നെത്തും, ഇന്ത്യ ഒക്ടോബർ ഒന്നിന്

തിരുവനന്തപുരം : ക്രിക്കറ്റ് ലോകകപ്പിന്റെ ആവേശത്തിലേക്ക് കേരളവും. തിരുവനന്തപുരം സ്പോർട്സ് ഹബ് സ്റ്റേഡിയത്തിൽ 29 മുതൽ നടക്കുന്ന ലോകകപ്പ് സന്നാഹ മത്സരങ്ങൾക്കായി ടീമുകൾ ഇന്ന് എത്തി തുടങ്ങും. ദുബായിൽ നിന്നുള്ള വിമാനത്തിൽ ദക്ഷിണാഫ്രിക്ക ടീമാണ് ഇന്നു പുലർച്ചെ ആദ്യമെത്തുക. അഫ്ഗാനിസ്ഥാൻ ടീം 26നും ഓസ്ട്രേലിയ, നെതർലൻഡ്സ് ടീമുകൾ 28നും ന്യൂസിലൻഡ് 30നും തിരുവനന്തപുരത്ത് എത്തും. ഒക്ടോബർ ഒന്നിനാണ് ഇന്ത്യൻ ടീം എത്തുക. ഇന്ത്യ, ഓസ്ട്രേലിയ, ദക്ഷിണാഫ്രിക്ക ടീമുകൾ കോവളം ലീല റാവിസ് ഹോട്ടലിലും ന്യൂസിലൻഡ്, അഫ്ഗാനിസ്ഥാൻ ടീമുകൾ ഹയാത്ത് റീജൻസിയിലും നെതർലൻഡ്സ് താജ് വിവാന്റയിലുമാണ് താമസിക്കുക. 29 ന് ദക്ഷിണാഫ്രിക്ക - അഫ്ഗാനിസ്ഥാൻ, 30ന് ഓസ്ട്രേലിയ - നെതർലൻഡ്സ്, ഒക്ടോബർ 2 ന് ന്യൂസിലൻഡ് - ദക്ഷിണാഫ്രിക്ക, 3ന് ഇന്ത്യ - നെതർലൻഡ്സ് മത്സരങ്ങളാണ് തിരുവനന്തപുരത്ത് നടക്കുന്നത്.ടീമുകൾ 26 മുതൽ പരിശീലനത്തിന് ഇറങ്ങും. ഇന്ത്യൻ ടീമിന്റെ പരിശീലനം ഒക്ടോബർ 2 ന് ഉച്ചയ്ക്ക് 2 മുതൽ 5 വരെ സ്പോർട്സ് ഹബ് സ്റ്റേഡിയത്തിലാണ്. സ്പോർട്സ് ഹബ് സ്റ്റേഡിയത്തിൽ മത്സരം നടക്കുന്ന ദിവസങ്ങളിൽ തുമ്പ സെന്റ് സേവ്യേഴ്സ് കോളജ് ഗ്രൗണ്ടിലാവും മറ്റു ടീമുകളുടെ പരിശീലന മത്സരങ്ങൾ കാണാനുള്ള ടിക്കറ്റുകൾ ബുക്ക് മൈ ഷോ വഴി ഓൺലൈനായി ബുക്ക് ചെയ്യാം.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.